**പതിനഞ്ചാം കേരള നിയമസഭ**

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2023–26)

**നാലാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

**പതിനഞ്ചാം കേരള നിയമസഭ**

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2023-26)

**നാലാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ഉള്ളടക്കം**


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | vi |
| ആമുഖം | .. | v |
| റിപ്പോർട്ട് | .. | 1-11 |
| അനുബന്ധം | .. | 12 |

## കമ്മിറ്റിയുടെ ഘടന

**ചെയർപേഴ്സൺ:**

ശ്രീ. മുരളി പെരുനെല്ലി.

**അംഗങ്ങൾ :**

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. മാത്യൂ ടി. തോമസ്

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. എച്ച്. സലാം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ഡോ. എൻ. കൃഷ്ണ കുമാർ., സെക്രട്ടറി.

ശ്രീമതി റീന വി. ആർ., ജോയിന്റ് സെക്രട്ടറി.

ശ്രീ സുരേശൻ. സി., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. ശ്യാം. കെ.എസ്., അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2023-26)-യുടെ ചെയർപേഴ്സണായ ഞാൻ, കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച് കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

നാട്ടിക നിയോജകമണ്ഡലത്തിൽ 2023 ഡിസംബർ 4, 5 തീയതികളിലായി നടന്ന നവകേരള സദസ്സിന്റെ വേദിയിൽ കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. ശ്രീ. സലീഷ് എൻ. ശങ്കർ-ന്റെ നേതൃത്വത്തിൽ സംഘാടകസമിതി ചെയർമാനായ ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.-യോടോ മറ്റു ഭാരവാഹികളോടോ ചർച്ച ചെയ്യാതെ വേദിയിലെ ക്രമീകരണങ്ങൾ മാറ്റിമറിയ്ക്കുകയും സംഘാടക സമിതി അംഗങ്ങളുടെയും പത്രപ്രവർത്തകരുടെയും പ്രവർത്തനത്തിൽ തടസ്സം സൃഷ്ടിക്കുകയും ചെയ്തതായും ഇത്തരത്തിൽ സംഘാടക സമിതിയുടെ പ്രവർത്തനങ്ങളെ അടിച്ചമർത്തി താളം തെറ്റിക്കുന്ന തരത്തിൽ കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി.യുടെ ഭാഗത്ത് നിന്നുണ്ടായ പ്രവർത്തനങ്ങളെ സംബന്ധിച്ച് അന്വേഷിച്ച് പ്രോട്ടോക്കോൾ ലംഘനത്തിനെതിരെ നടപടി എടുക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. 13.12.2023-ന് ബഹു. സ്പീക്കർക്ക് ഒരു നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസിന് ആഭ്യന്തര വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്മേൽ ബഹു. അംഗം അതൃപ്തി അറിയിക്കുകയും ചെയ്തു. തുടർന്ന് ഈ പരാതി അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 20.06.2024-ന് റഫർ ചെയ്തു. **[ബുള്ളറ്റിൻ ഭാഗം 2 നം. 522].** 2024 ആഗസ്റ്റ് 29, 2024 ഒക്ടോബർ 10, 2025 ഒക്ടോബർ 22, 2025 നവംബർ 6 എന്നീ തീയതികളിൽ സമിതി യോഗം ചേരുകയും പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും ചെയ്തു.

സമിതി യോഗങ്ങളിൽ നടന്ന സമഗ്രമായ ചർച്ചയുടെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. സമിതിയുടെ യോഗനടപടിക്കുറിപ്പുകളും ബന്ധപ്പെട്ട രേഖകളും ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. 2026 ഫെബ്രുവരി 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മുരളി പെരുനെല്ലി
ചെയർപേഴ്സൺ,
പ്രിവിലേജസ്, എഥിക്സ് എന്നിവ
സംബന്ധിച്ച കമ്മിറ്റി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 4.

# റിപ്പോർട്ട്

വസ്തുതാ വിവരണം

നാട്ടിക നിയോജകമണ്ഡലത്തിൽ 2023 ഡിസംബർ 4, 5 തീയതികളിലായി നടന്ന നവകേരള സദസ്സിന്റെ വേദിയിൽ കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. ശ്രീ. സലീഷ് എൻ. ശങ്കർ-ന്റെ നേതൃത്വത്തിൽ സംഘാടക സമിതി ചെയർമാനായ ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.-യോടോ മറ്റ് ഭാരവാഹികളോടോ ചർച്ച ചെയ്യാതെ വേദിയിലെ പല കാര്യങ്ങളും മാറ്റിമറിയ്ക്കുകയും സംഘാടക സമിതി അംഗങ്ങളുടെയും പത്രപ്രവർത്തകരുടെയും പ്രവർത്തനത്തിൽ തടസ്സം സൃഷ്ടിക്കുകയും ചെയ്തതായും ഇത്തരത്തിൽ സംഘാടക സമിതിയുടെ പ്രവർത്തനങ്ങളെ അടിച്ചമർത്തി താളം തെറ്റിക്കുന്ന തരത്തിൽ കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി.യുടെ ഭാഗത്ത് നിന്നുണ്ടായ പ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി അന്വേഷിച്ച് നടപടി എടുക്കണമെന്നാവശ്യപ്പെട്ട് പ്രസ്തുത പ്രോഗ്രാമിന്റെ സംഘാടക സമിതി ചെയർമാൻ കൂടിയായ ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. ബഹു. സ്പീക്കർക്ക് 13.12.2023-ാം തീയതിയായി ഒരു നോട്ടീസ് നൽകിയിരുന്നു. **(അനുബന്ധം 1).** ശ്രീ. സി.സി. മുകുന്ദൻ എം.എൽ.എ.യുടെ പരാതിയിന്മേൽ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയിൽ നിന്നും അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുവാൻ ഉത്തരവായിരുന്നു.

(2) നാട്ടിക നിയോജക മണ്ഡലത്തിലെ നവകേരള സദസ്സിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്ന തരത്തിൽ കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. സലീഷ് എൻ. ശങ്കറിന്റെ നേതൃത്വത്തിൽ ക്രമവിരുദ്ധപ്രവർത്തനങ്ങളോ മറ്റ് സംഭവങ്ങളോ നടന്നിട്ടുള്ളതായി വെളിവായിട്ടില്ലെന്ന് തൃശ്ശൂർ ജില്ലാ റൂറൽ പോലീസ് മേധാവി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 24.05.2024-ലെ കത്ത് മുഖേന അറിയിച്ചിരുന്നു. **(അനുബന്ധം 2).** ഈ റിപ്പോർട്ടിന്മേൽ അംഗത്തിന്റെ പ്രതികരണം ആരായാൻ ബഹു. സ്പീക്കർ ഉത്തരവായതിനെത്തുടർന്ന് 10.06.2024 തീയതിയിൽ അംഗത്തിന് ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം അയച്ചുകൊടുത്തു. ആയതിന്, ആഭ്യന്തര വകുപ്പിൽ നിന്നുള്ള മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് അദ്ദേഹം ബഹു. സ്പീക്കർക്ക് 12.06.2024-ന വീണ്ടും കത്ത് നൽകി. **(അനുബന്ധം 3).** അംഗം ലഭ്യമാക്കിയ കത്തിൽ സാക്ഷികളുടെയോ, സംഘാടക സമിതി അംഗങ്ങളുടെയോ മൊഴി രേഖപ്പെടുത്താതെ റൂറൽ എസ്.പി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ നടത്തിയ അന്വേഷണത്തിന്റെ

അടിസ്ഥാനത്തിലുള്ള ആഭ്യന്തര വകുപ്പിന്റെ റിപ്പോർട്ട് തൃപ്തികരമല്ലെന്നും ഈ പരാതിയിൽ തുടർ അന്വേഷണം വേണം എന്നു ചൂണ്ടിക്കാട്ടി വീണ്ടും കത്തു നൽകുകയും ചെയ്തു. ഇക്കാര്യം പരിഗണിച്ച ബഹു. സ്പീക്കർ അംഗത്തിന്റെ **പരാതി അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 20.06.2024 -ന് റഫർ ചെയ്തു. [ബുള്ളറ്റിൻ ഭാഗം 2 നം. 522]. (അനുബന്ധം 4).**

(3) 29.08.2024-ന് ചേർന്ന പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ യോഗം ശ്രീ. സി.സി. മുകുന്ദൻ, എം.എൽ.എ.യുടെ പരാതി പരിഗണിക്കുകയും, പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. സലീഷ്. എൻ. ശങ്കറിൽ നിന്ന് വിശദീകരണം തേടുന്നതിനും അടുത്ത യോഗത്തിൽ നേരിട്ട് ഹാജരായി പ്രസ്തുത വിഷയത്തിൻമേൽ അഭിപ്രായം രേഖപ്പെടുത്തുന്നതിന് ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.യോട് ആവശ്യപ്പെടുന്നതിനും തീരുമാനിക്കുകയും ചെയ്തു. ശ്രീ. സലീഷ്. എൻ. ശങ്കറിനോട് വിശദീകരണം തേടിക്കൊണ്ട് 31.08.2024 തീയതിയായി കത്ത് അയയ്ക്കുകയും ചെയ്തു.

(4) ആയതിന്, ശ്രീ. സലീഷ് എൻ. ശങ്കർ 06.09.2024-ന് ലഭ്യമാക്കിയ വിശദീകരണത്തിൽ, Z കാറ്റഗറി സെക്യൂരിറ്റിയുള്ള ബഹു. മുഖ്യമന്ത്രി നവകേരള സദസ്സിൽ പങ്കെടുക്കുന്നതിനാൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ Blue Book Security Arrangements മാത്രമേ ചെയ്തിട്ടുള്ളൂവെന്നും ബഹു. മുഖ്യമന്ത്രിയുടെ പരിപാടി സ്ഥലത്തും യാത്രാവേളയിലും കുപ്പികൾ എറിയുവാനും കരിങ്കൊടി പ്രയോഗത്തിനും സാധ്യതയുള്ളതായി ഇന്റലിജൻസ് റിപ്പോർട്ട് ഉണ്ടായിരുന്നതിനാൽ സമ്മേളന സ്ഥലത്ത് കുപ്പിവെള്ളം നൽകുന്നതിനുമാത്രമേ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നുള്ളുവെന്നും തന്റെ മേലുദ്യോഗസ്ഥർ ആരും തന്നെ തന്റെ ഡ്യൂട്ടിയിൽ റിമാർക്സ് രേഖപ്പെടുത്തിയിരുന്നില്ലായെന്നും, എം.എൽ.എ.യുടെ ഓഫീസ് അസിസ്റ്റന്റ് ശ്രീ. അസ്ഹർ നൽകിയ തെറ്റായ വിവരങ്ങളാണ് ഈ പരാതിയ്ക്കിടയാക്കിയതെന്നും സൂചിപ്പിച്ചിരുന്നു. **(അനുബന്ധം 5)**

(5) പ്രസ്തുത വിശദീകരണം 23.10.2024-ലെ യോഗത്തിൽ പരിഗണിക്കാമെന്ന് കമ്മിറ്റി തീരുമാനിക്കുകയും കമ്മിറ്റിയുടെ 23.10.2024-നു ചേരുന്ന യോഗത്തിൽ വിഷയം സംബന്ധിച്ച് നേരിട്ട് വിവരം നൽകുന്നതിനായി ഹാജരാകണമെന്ന് കാണിച്ച് ശ്രീ. സി.സി.മുകുന്ദൻ, എം.എൽ.എ.യ്ക്ക് കത്ത് അയയ്ക്കുകയും ചെയ്തു. 23.10.2024-ന് ചേർന്ന യോഗത്തിൽ ശ്രീ. സലീഷ് എൻ. ശങ്കറിന്റെ വിശദീകരണം പരിശോധിച്ച കമ്മിറ്റി ശ്രീ. സി.സി. മുകുന്ദൻ എം.എൽ.എ.യെ നേരിൽ കേൾക്കുകയും ചെയ്തു. നേരിട്ട് കാര്യങ്ങൾ

വിശദീകരിച്ചതിനോടൊപ്പം അംഗം സമിതിയുടെ പരിഗണനയ്ക്കായി വിശദമായ കത്ത് സമർപ്പിച്ചു.

(6) 'നവകേരള സദസ്സ്' നടന്ന വേദിയിൽ പ്രോട്ടോക്കോൾ ലംഘനം ഉണ്ടായിട്ടുണ്ടോയെന്നും പരാതി നൽകാനിടയായ സാഹചര്യമെന്തെന്നും സമിതി ആരാഞ്ഞതിന് ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ., ചുവടെ ചേർക്കുന്ന കാര്യങ്ങൾ സമിതി മുമ്പാകെ അറിയിച്ചു.

(7) സർക്കാർ നിർദേശമനുസരിച്ച് നവകേരള സദസ്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെല്ലാം വളരെ നേരത്തെതന്നെ ആരംഭിച്ചിരുന്നതായും പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ രാഷ്ട്രീയ പ്രതിനിധികളെയും ഉൾപ്പെടുത്തി കമ്മിറ്റികൾ രൂപീകരിക്കുകയും സർക്കാർ നിർദേശിച്ച പ്രകാരമുള്ള പ്രവൃത്തികളെല്ലാം പൂർത്തീകരിക്കുകയും ചെയ്തിരുന്നതായും അംഗം സമിതി മുമ്പാകെ വ്യക്തമാക്കി. പരിപാടി നടക്കുന്നതിന് രണ്ടുദിവസം മുമ്പ് അവിടെ പോലീസിന്റെ സെക്യൂരിറ്റി പരിശോധന നടത്തിയിരുന്നതായും തുടർന്ന് 2024 ഡിസംബർ 4-ാം തീയതി രാത്രി ഡിവൈ.എസ്.പി. ശ്രീ. സലീഷ് എൻ. ശങ്കർ പരിപാടി നടക്കുന്ന സ്ഥലത്തെത്തി ഹെലി ഡ്രോൺ ക്യാമറ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് എതിർപ്പ് പ്രകടിപ്പിച്ചുവെങ്കിലും ജില്ലാ കളക്ടറും റൂറൽ എസ്.പി.-യും ഹെലി ഡ്രോൺ ക്യാമറ ഉപയോഗിക്കാൻ അനുമതി നൽകിയതായും അംഗം അറിയിച്ചു. എന്നാൽ എം.എൽ.എ. എന്ന പരിഗണനപോലും നൽകാതെ വളരെ മോശമായ രീതിയിലുള്ള സമീപനമാണ് ഡിവൈ.എസ്.പി. ശ്രീ. സലീഷ് എൻ. ശങ്കറിന്റെ ഭാഗത്തുനിന്നുണ്ടായതെന്നും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നവകേരള സദസ്സിന്റെ വേദിയിൽ സ്ഥാപിച്ച ബാരിക്കേഡും മറ്റും പൊളിച്ചുകളയുകയുണ്ടായെന്നും ആയത് പുനർനിർമ്മിച്ച വകയിൽ 68,000/- രൂപയോളം അധികമായി ചെലവഴിക്കേണ്ടിവന്നതായും അംഗം സമിതി മുമ്പാകെ അറിയിച്ചു. കുടിവെള്ളം, ഭക്ഷണം, ചികിത്സാ സൗകര്യം തുടങ്ങിയവയ്ക്കായി ഏർപ്പെടുത്തിയിരുന്ന സ്ഥലങ്ങളൊക്കെ പൊളിച്ചുമാറ്റുകയും തന്നെ സഹായിച്ചിരുന്ന അഡീഷണൽ പി.എ.-യെ ഉൾപ്പെടെ കഴുത്തിനു പിടിച്ച് പുറത്താക്കാൻ പോലീസുകാരോട് അദ്ദേഹം ആവശ്യപ്പെട്ടതായും സമ്മേളനം മോശമാക്കാൻ ഡിവൈ.എസ്.പി. മനഃപൂർവ്വം ശ്രമിക്കുന്നതായാണ് തനിക്ക് തോന്നിയതെന്നും അംഗം വ്യക്തമാക്കി. സംഘാടക സമിതി ചെയർമാൻ കൂടിയായ തന്നോട് നിരവധിയാളുകൾ പോലീസിന്റെ ഇത്തരം നടപടിയിൽ പരാതി പറയുകയുണ്ടായെന്നും ഇതുസംബന്ധിച്ച് കളക്ടർക്കും റൂറൽ എസ്.പി.-ക്കും പരാതി നൽകിയെങ്കിലും യാതൊരു നടപടിയുമുണ്ടായില്ലെന്നും ബഹു. മുഖ്യമന്ത്രിക്കും പരാതി നൽകിയിട്ടുണ്ടെന്നും അംഗം അറിയിച്ചു.

(8) താൻ നൽകിയ പരാതി ശരിയായ രീതിയിൽ പരിശോധിച്ചിട്ടുണ്ടെന്ന് തനിക്ക് ബോധ്യപ്പെട്ടിട്ടില്ലെന്നും നവകേരള സദസ്സിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിരവധി കമ്മിറ്റികൾ അവിടെ പ്രവർത്തിച്ചിരുന്നുവെന്നുവെങ്കിലും പരാതിയുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്മിറ്റി അംഗങ്ങളിൽ ഒരാളുടെപോലും മൊഴിയെടുക്കുകയോ അന്വേഷണം നടത്തുകയോ ചെയ്തിട്ടില്ലെന്നും എം.എൽ.എ. എന്ന നിലയിൽ തനിക്ക് വളരെയേറെ മാനസിക വേദനയുണ്ടാക്കിയ സംഭവമാണിതെന്നും അംഗം സമിതി മുമ്പാകെ ബോധിപ്പിച്ചു.

(9) പ്രസ്തുത വിഷയത്തിൽ ബഹു. എം.എൽ.എ.-യ്ക്ക് ഏതെങ്കിലും തരത്തിൽ വിഷമമുണ്ടായിട്ടുണ്ടെങ്കിൽ നിരുപാധികം ഖേദം പ്രകടിപ്പിക്കുന്നതായി ശ്രീ. സലീഷ് എൻ. ശങ്കർ സമിതിക്ക് നൽകിയ വിശദീകരണത്തിൽ സൂചിപ്പിച്ചിട്ടുള്ളതിനെക്കുറിച്ച് പ്രതികരണമെന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി തനിക്കും തന്റെ സ്റ്റാഫിനും വളരെ മോശമായ അനുഭവമാണ് ഡിവൈ.എസ്.പി.യുടെ ഭാഗത്തുനിന്നുണ്ടായതെന്നും അതുകൊണ്ട് തന്നെ ഇക്കാര്യത്തിന്മേൽ വിശദമായ പരിശോധനയ്ക്കുശേഷം ഉചിതമായ നിയമ നടപടി സ്വീകരിക്കണമെന്നാണ് തന്റെ ആവശ്യമെന്നും അംഗം മറുപടി നൽകി. നവകേരള സദസ്സുമായി ബന്ധപ്പെട്ട് കേരളത്തിലുടനീളം പരിപാടിയുടെ ആദ്യാവസാനംവരെ മുഖ്യമന്ത്രിയുടെ വാഹനവ്യൂഹത്തിനുനേരെ പല സ്ഥലങ്ങളിലും വിവിധ സംഘടനകളിൽ നിന്നും പ്രതിഷേധ പ്രകടനങ്ങളുണ്ടായിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ സുരക്ഷാക്രമീകരണങ്ങൾ കൂടുതൽ ശക്തമാക്കേണ്ടത് പോലീസിന്റെ കൂടി ഉത്തരവാദിത്വമാണെന്നതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി ഇക്കാര്യത്തിൽ വളരെ ശക്തമായ ക്രമീകരണങ്ങൾ എം.എൽ.എ. എന്ന നിലയിൽ തന്റെ നേതൃത്വത്തിൽ ചെയ്യുമായിരുന്നുവെന്നും പരിപാടിയുടെ ആദ്യാവസാനംവരെ മോശമായ സമീപനമായിരുന്നു ഡിവൈ.എസ്.പി.-യുടെ ഭാഗത്തുനിന്നുണ്ടായതെന്നും അംഗം മറുപടി നൽകി.

(10) സുരക്ഷയുടെ ഭാഗമായി D Phase ന് വേണ്ട ബാരിക്കേഡിനും റാമ്പിനും മാത്രമേ മാറ്റം നിർദേശിച്ചിട്ടുള്ളൂവെന്നാണ് മറുപടിയിൽ ഡി.വൈ.എസ്.പി. സൂചിപ്പിക്കുന്നതെന്നും അക്കാര്യം നേരത്തെ എം.എൽ.എ.-യുടെ ശ്രദ്ധയിൽപ്പെട്ടിരുന്നതല്ലേയെന്നും സമിതി ആരാഞ്ഞതിന്, നവകേരള സദസ്സിന്റെ ഭാഗമായി സംഘടിപ്പിച്ച ഒരു പരിപാടിയും സ്റ്റേജിൽ വച്ച് നടത്താൻ ഡിവൈ.എസ്.പി. അനുവദിച്ചില്ലെന്നും പകരം അദ്ദേഹം നിർദേശിച്ച സ്ഥലത്താണ് പരിപാടികൾ അവതരിപ്പിക്കപ്പെട്ടതെന്നും അംഗം മറുപടി

നൽകി. സദസ്സിലും അതിനോടനുബന്ധിച്ചുള്ള ഭാഗങ്ങളിലും ഡ്രോൺ ഉപയോഗിക്കുന്നത് തടഞ്ഞിരുന്നില്ലെന്ന് എം.എൽ.എ.-യുടെ ഓഫീസ് അസിസ്റ്റന്റ് ശ്രീ. അസ്ഹർ പോസ്റ്റ് ചെയ്ത വീഡിയോകളിൽനിന്നും വ്യക്തമാണെന്ന് അഭിപ്രായപ്പെട്ടതിന് പരിപാടിയിൽ ഹെലി ഡ്രോൺ ഉപയോഗിച്ചിട്ടുണ്ടെന്നും ഇക്കാര്യം ഡിവൈ.എസ്.പി.-യെ ഫോണിൽ വിളിച്ച് അറിയിക്കുകയാണുണ്ടായതെന്നും ആദ്യം അദ്ദേഹം എതിർപ്പ് പ്രകടിപ്പിച്ചതിനെ ത്തുടർന്ന് അത് തർക്കത്തിനിടയായതായും എന്നാൽ ഡ്രോൺ ഉപയോഗിക്കുന്നതിന് ജില്ലാ കളക്ടറും തൃശ്ശൂർ ജില്ലാ റൂറൽ എസ്.പി.-യും അനുവാദം നൽകിയതായും അംഗം മറുപടി നൽകി.

(11) D phase ഏരിയയിൽ സർക്കാരിന്റെ അനുമതിയോടെ പി.ആർ. വർക്കിലുള്ള ആറ് മാധ്യമ പ്രവർത്തകർക്ക് മാത്രമാണ് പ്രവേശനമുണ്ടായിരുന്നതെന്നും അവരെ നിഷ്കർഷിച്ച സ്ഥാനങ്ങളിലേയ്ക്ക് പ്രവേശിപ്പിച്ചിട്ടുണ്ടെന്നും മറ്റുള്ളവർ വന്നപ്പോഴാണ് തടഞ്ഞതെന്നുമാണ് ഡിവൈ.എസ്.പി. മറുപടി കത്തിൽ വ്യക്തമാക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി D phase ഏരിയയിൽ എത്തിയ ആളുകളെ തടഞ്ഞതിനെത്തുടർന്ന് പത്ര പ്രവർത്തകരും പോലീസുകാരും തമ്മിലുണ്ടായ വാക്കുതർക്കം താൻ ഇടപെട്ടാണ് പരിഹരിച്ചതെന്ന് അംഗം മറുപടി നൽകി.

(12) വി.ഐ.പി.-കളുടെ സുരക്ഷയെ മുൻനിർത്തി Blue Book-ൽ നിർദേശിച്ചിട്ടുള്ള രീതിയിൽ പ്രവർത്തിക്കുക മാത്രമാണുണ്ടായതെന്നാണ് ശ്രീ. സലീഷ് എൻ. ശങ്കർ മറുപടിയിൽ വിശദീകരിക്കുന്നതെന്നും നവകേരള സദസ്സ് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് നാട്ടിക നിയോജകമണ്ഡലത്തിൽ സ്ഥലപരിമിതിയുണ്ടായിരുന്നതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് പരാമർശമുണ്ടായതായി അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിരുന്നോ സമിതിയുടെ ചോദ്യത്തിന് ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉയർന്ന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ സ്ഥലത്താണ് പരിപാടി സംഘടിപ്പിച്ച തെന്നും ആളുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചത് കാരണമാണ് ബുദ്ധിമുട്ടുണ്ടായതെന്നും അംഗം മറുപടി നൽകി.

(13) ശ്രീ. സി.സി. മുകുന്ദൻ, എം.എൽ.എ, തെളിവെടുപ്പ് വേളയിൽ സമർപ്പിച്ച കത്തിൽ, (i) സംഘാടക സമിതിയെ അറിയിക്കാതെ സ്റ്റേജ്, ബാരിക്കേഡുകൾ എന്നിവ പൊളിച്ചു മാറ്റിയെന്നും, (ii) ഹെലി ഡ്രോൺ പ്രവർത്തിപ്പിക്കാൻ അനുമതി നൽകാതിരുന്നുവെന്നും, (iii) സംഘാടക സമിതി അംഗങ്ങളെയും, പത്രപ്രവർത്തകരെയും മാറ്റിനിർത്തിയെന്നും, തന്റെ അഡീഷണൽ പി.എ.യെ പുറത്താക്കാൻ ശ്രമിച്ചെന്നും, (iv) ജനങ്ങൾക്കായി

സംഘാടക സമിതി അംഗങ്ങൾ ഏർപ്പെടുത്തിയ കുടിവെള്ളം, ചായ, സ്നാക്സ് എന്നിവ തടഞ്ഞുവച്ചുവെന്നും, (v) പൊതുജനങ്ങൾക്കിടയിൽ വളരെ അവമതിപ്പുണ്ടാക്കാൻ കാരണക്കാരനായിയെന്നും സൂചിപ്പിച്ചിരിക്കുന്നു.
**(തെളിവെടുപ്പിൽ അംഗം വിശദീകരിച്ചിട്ടുള്ള കാര്യങ്ങൾ തന്നെയാണ് പ്രസ്തുത കത്തിലും ഉൾപ്പെട്ടിട്ടുള്ളത്- അനുബന്ധം 6).**

(14) തുടർന്ന്, പരാതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് 25.10.2024-ന് ആഭ്യന്തര (എ) വകുപ്പിൽ നിന്നും ലഭ്യമാക്കിയിരുന്നു **(അനുബന്ധം 7).** പ്രസ്തുത റിപ്പോർട്ടിൽ പരാതിയുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണങ്ങളിൽ നിന്നും, സാക്ഷിമൊഴികളിൽ നിന്നും, ശ്രീ. സലീഷ് ശങ്കറിന്റെ ഭാഗത്തു നിന്നും ക്രമവിരുദ്ധമായ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായോ കുടിവെള്ളത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യതയ്ക്കു തടസ്സമുണ്ടായിട്ടുള്ളതായോ പരിപാടിയുടെ സുഗമമായ നടത്തിപ്പിന് ഏതെങ്കിലും രീതിയിലുള്ള തടസ്സങ്ങൾ സൃഷ്ടിച്ചതായോ വെളിവായിട്ടില്ലെന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്ത വിവരം ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചിരുന്നു.

(15) ആഭ്യന്തര വകുപ്പിൽ നിന്നും 25.10.2024-ന് ലഭ്യമായ റിപ്പോർട്ട് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും പ്രസ്തുത വിവരം എം.എൽ.എ.യെ അറിയിക്കുന്നതിനും ബഹു. സ്പീക്കർ ഉത്തരവായിരുന്നു. റിപ്പോർട്ട് എം.എൽ.എ.യെ അറിയിച്ചതിനെത്തുടർന്ന് അദ്ദേഹം 17.12.2024 തീയതിയായി ലഭ്യമാക്കിയ കത്തിൽ, ശ്രീ. സലീഷ് എൻ. ശങ്കറിനെ സംരക്ഷിക്കുന്ന തരത്തിൽ പോലീസ് തയ്യാറാക്കിയിട്ടുള്ള വസ്തുതാ വിരുദ്ധവും കെട്ടിച്ചമച്ചതുമായ റിപ്പോർട്ടാണ് ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയിട്ടുള്ളതെന്നും സംഘാടക സമിതി അംഗങ്ങളിൽ പലരും മൊഴി രേഖപ്പെടുത്തുന്നതിന് തയ്യാറായിരുന്നെങ്കിലും അവരുടെ മൊഴി രേഖപ്പെടുത്തിയിട്ടില്ലെന്നും റിപ്പോർട്ടിൽ മൊഴി രേഖപ്പെടുത്തിയതായി കാണിച്ചിട്ടുള്ള പലരും അത്തരത്തിൽ മൊഴി നൽകിയിട്ടില്ലായെന്ന് എം.എൽ.എ.യെ അറിയിച്ചുവെന്നും അതിനാൽ സംഘാടക സമിതി അംഗങ്ങളെയും ഉദ്യോഗസ്ഥരെയും സമിതി നേരിട്ട് വിളിച്ച് തെളിവെടുക്കണമെന്നും ശ്രീ. സി.സി. മുകുന്ദൻ, എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു. **(അനുബന്ധം 8).**

(16) ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് തൃപ്തികരമല്ലെന്ന് അംഗം അറിയിച്ചതിനെത്തുടർന്നും കമ്മിറ്റിക്ക് ഇരുഭാഗത്തു നിന്നുമുള്ള അഭിപ്രായം കേൾക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലും ഡി.വൈ.എസ്.പി. ശ്രീ. സലീഷ് ശങ്കറിൽ നിന്നും 06.11.2025-ന തെളിവെടുപ്പ് നടത്താൻ 22.10.2025-ന ചേർന്ന സമിതി യോഗം തീരുമാനിക്കുകയും ചെയ്തു.

(17) സമിതിയുടെ 06.11.2025-ന ചേർന്ന യോഗത്തിൽ സമിതി മുമ്പാകെ ഹാജരായ കൊടുങ്ങല്ലൂർ ഡിവൈ.എസ്.പി. ആയിരുന്ന ശ്രീ. സലീഷ് എൻ. ശങ്കർ (നിലവിൽ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, ജില്ലാ ക്രൈംബ്രാഞ്ച്, തൃശ്ശൂർ സിറ്റി)-ൽ നിന്നും ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ സമിതി തെളിവെടുക്കുകയും ചെയ്തു.

(18) 2023 ഡിസംബർ 4, 5 തീയതികളിൽ, നാട്ടിക നിയോജക മണ്ഡലത്തിലെ നവകേരള സദസ്സിന്റെ വേദിയിൽ നിർവ്വഹിച്ച ചുമതലകളുടെ സ്വഭാവവും 'നവകേരള സദസ്സ്" സുഗമമായി നടത്താൻ സ്വീകരിച്ച നടപടികളെക്കുറിച്ചും വിശദീകരിക്കാൻ കമ്മിറ്റി ആവശ്യപ്പെട്ടതിന്, നവകേരള സദസ്സിന്റെ ക്രമീകരണങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ ഡിസിപ്ലിൻ കമ്മിറ്റിയുടെ കൺവീനറായി നിയോഗിക്കപ്പെട്ടെന്നും അതിന്റെ ചുമതലകളും പോലീസ് സെക്യൂരിറ്റി അറേഞ്ച്മെന്റിന്റെ ഭാഗമായുള്ള ഡ്യൂട്ടിയുമാണ് നിർവ്വഹിച്ചിരുന്നത് എന്നും ഡിസിപ്ലിൻ കമ്മിറ്റിയിൽ ഏകദേശം 2000 പേർ ഉണ്ടായിരുന്നെന്നും അതിൽ നിന്നും എല്ലാ കമ്മിറ്റികൾക്കും ആവശ്യമായ കൗൺസിലർമാരെയും മെമ്പർമാരെയും വോളന്റിയർമാരെയും ഡിവൈഡ് ചെയ്തു കൊടുക്കുകയും ഗൂഗിൾ ഷീറ്റ് ഫോം ചെയ്ത് എല്ലാ കാര്യങ്ങളും അതിലുൾപ്പെടുത്തുകയും ചെയ്തുവെന്നും മറ്റ് സ്ഥലങ്ങളിൽ നിന്നും വ്യത്യസ്തമായി കയ്പമംഗലം, നാട്ടിക എന്നീ രണ്ട് നിയോജക മണ്ഡലങ്ങളുടെയും ചുമതല തനിക്കായിരുന്നുവെന്നും ശ്രീ. സലീഷ് എൻ ശങ്കർ അറിയിച്ചു.

(19) ശ്രീ. സി.സി. മുകുന്ദൻ, എം.എൽ.എ.യുടെ പരാതി സംബന്ധിച്ചും പരാതി വിഷയവുമായി ബന്ധപ്പെട്ടും എന്തെങ്കിലും പിശക് സംഭവിച്ചിട്ടുണ്ടോ എന്ന് കമ്മിറ്റി ആരാഞ്ഞതിന്, നാട്ടിക നിയോജക മണ്ഡലത്തിൽ ആദ്യം എസ്.എച്ച്.ഒ.യെ ആണ് ചുമതല ഏൽപ്പിക്കാൻ പറഞ്ഞിരുന്നതെന്നും ശ്രീ. സി.സി. മുകുന്ദൻ, എം.എൽ.എ. ഇടപെട്ടാണ് തന്നെ നിയോഗിച്ചാൽ മതിയെന്ന് പറഞ്ഞത് എന്നും തനിക്ക് വളരെ ചെറുപ്പം മുതൽതന്നെ അംഗത്തെ അറിയാമെന്നും കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. ആയിരുന്നപ്പോഴും ഈ സംഭവം നടക്കുന്ന ദിവസം വരെയും എം.എൽ.എ.യുമായി നല്ല ബന്ധത്തിലായിരുന്നുവെന്നും എല്ലാകാര്യങ്ങളും അദ്ദേഹത്തെ അറിയിച്ചിരുന്നെന്നും സദസ്സിന്റെ വേദി മിയാ ഓഡിറ്റോറിയത്തിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിലും തന്റെ സഹകരണം ഉണ്ടായിരുന്നെന്നും ശ്രീ. സലീഷ് എൻ ശങ്കർ മറുപടി നൽകി.

(20) "Blue Book" പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങളിൽ മാത്രമേ ഇടപെട്ടിട്ടുള്ളൂവെന്ന് കമ്മിറ്റിക്കു നൽകിയ വിശദീകരണത്തിൽ പറഞ്ഞിരിക്കുന്ന താങ്കൾ സംഘാടക സമിതിയെയും എം.എൽ.എ.-യെയും പൂർണ്ണമായി ഒഴിവാക്കി അനുമതിയില്ലാതെ സ്റ്റേജ്, ബാരിക്കേഡ് എന്നിവ പൊളിച്ചുമാറ്റിയെന്നും സ്വമേധയാ വേദിയിലെ ക്രമീകരണങ്ങൾ മാറ്റിയെന്നും ഹെലിഡ്രോൺ പ്രവർത്തിപ്പിക്കാനുള്ള

അനുമതി ജില്ലാ കളക്ടറും റൂറൽ എസ്.പി.-യും നൽകിയിട്ടും, അത് തടഞ്ഞുവെന്നുമുള്ള എം.എൽ.എ.യുടെ പരാതി സംബന്ധിച്ച് എന്താണ് ബോധിപ്പിക്കാനുള്ളതെന്നും ഹെലിഡ്രോണിനെ സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്നും ആരാഞ്ഞതിന് മറുപടിയായി, സ്റ്റേജിന്റെ ഒരു പ്ലാൻ തയ്യാറാക്കി അതനുസരിച്ചായിരുന്നു സ്റ്റേജ് നിർമ്മിച്ചിരുന്നതെന്നും അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്റ്റേജിലേക്ക് കയറുന്നതിനുവേണ്ടിയുള്ള path-ന് ബലം കുറവായതുകൊണ്ട് ആ ഭാഗം കുറച്ചുകൂടി സ്ലോപ്പാക്കി മാറ്റം വരുത്തുകയും D Phase-ന്റെ ഡിഫറൻസ് പ്ലാനിൽ വരച്ചതിൽനിന്ന് വ്യത്യസ്തമായി ഫ്രണ്ടിൽ കുറച്ച് ഉള്ളിലോട്ട് കയറിയതിനെ കുറച്ചുകൂടി അടുപ്പിച്ച് ഒരു ലൈൻ അപ് ഇടുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയർ കമ്മിറ്റി ചെയർമാനും മറ്റുള്ളവരുമായി ആലോചിച്ചശേഷം അതിലൊരു ചെറിയ മാറ്റം വരുത്തുകയുണ്ടായെന്നും അതിന് അഡീഷണൽ ചെലവുകളൊന്നും ഉണ്ടായില്ലായെന്നും, D Phase-ലും സ്റ്റേജിന്റെ ഫ്രണ്ടിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇരിക്കുന്ന ഭാഗത്തും ഹെലിഡ്രോൺ ക്യാമറ ഉപയോഗിക്കാൻ പാടില്ലെന്നാണ് ആദ്യത്തെ മീറ്റിങ്ങിൽ ധാരണയായതെന്നും ഇവ ഉപയോഗിക്കുന്നതിന് പബ്ലിക്ക് റിലേഷൻ വകുപ്പിന്റെ ആറ് മാധ്യമ പ്രവർത്തകർക്ക് മാത്രമാണ് അനുവാദം നൽകിയിരുന്നതെന്നും അവരുടെ ലിസ്റ്റ് പോലീസിന് നേരത്തെ കൈമാറിയിരുന്നെന്നും ബാക്കിയുള്ള സ്ഥലത്ത് മറ്റുള്ള മാധ്യമപ്രവർത്തകർക്ക് ഇത് ഉപയോഗിക്കാമായിരുവെന്നും ഇക്കാര്യത്തിൽ അനുവാദം നൽകേണ്ടത് ജില്ലാ കളക്ടറാണെന്നും ഡിവൈ.എസ്.പി. എന്ന നിലയിൽ തനിക്ക് അനുവാദം നൽകാൻ സാധിക്കില്ലെന്നും പറഞ്ഞിട്ടുണ്ടായിരുന്നെന്നും എസ്.പി. മുഖാന്തരം കളക്ടർക്ക് അപേക്ഷ കൊടുത്ത് കളക്ടർ അത് ഇവാല്യൂവേറ്റ് ചെയ്തതിനുശേഷം ഹെലിഡ്രോണിന്റെ making ID നൽകുന്നത് ഉൾപ്പെടെ കുറച്ച് റൂൾസ് പാലിച്ചാൽ മാത്രമെ ഹെലിഡ്രോൺ ഉപയോഗം പറ്റുകയുള്ളൂവെന്നും അറിയിച്ചിരുന്നെന്നും, D Phase-ലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇരിക്കുന്ന സ്റ്റേജിലേക്കുമാണ് ഡ്രോൺ പറത്തരുതെന്ന് പറഞ്ഞിട്ടുള്ളതെന്നും മറ്റൊരിടത്തും ഡ്രോൺ ഉപയോഗിക്കരുതെന്ന് ആരും തടസ്സം പറഞ്ഞിട്ടില്ലെന്നായെന്നും ഓൺലൈനിൽ ആ പരിപാടിയുടെ ലൈവ് ഷോ ഉണ്ടായിരുന്നെന്നും യൂട്യൂബിലും മറ്റും ടി പ്രോഗ്രാം അന്നുതന്നെ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും ഇതിൽ നിന്നും ഹെലിഡ്രോൺ അവിടെ ഉപയോഗിച്ചിരുന്നതായി മനസ്സിലാകുമെന്നും ശ്രീ. സലീഷ് എൻ. ശങ്കർ കമ്മിറ്റിയെ അറിയിച്ചു.

(21) നിരവധി ആളുകൾ പങ്കെടുത്ത പരിപാടിയിൽ സംഘാടക സമിതി ഒരുക്കിയ കുടിവെള്ളം, ചായ, സ്നാക്സ് എന്നിവ തടഞ്ഞുവെന്ന പരാതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് വെള്ളത്തിന്റെ ബോട്ടിലുകൾ സദസ്സിലേക്ക് വലിച്ചെറിയാൻ സാധ്യത ഉള്ളതിനാൽ സംഘാടക സമിതിയുടെ നിർദ്ദേശ പ്രകാരം ബോട്ടിലുകൾ ഉപയോഗിക്കരുതെന്ന് നിഷ്കർഷിച്ചിരുന്നുവെന്നും ടംബ്ലറുകളിൽ വെള്ളം വിതരണം

ചെയ്യുന്നതിനായി വളന്റിയർമാരെ ഏർപ്പെടുത്തി ആവശ്യത്തിന് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിരുന്നുവെന്ന് ഇത് സംബന്ധിച്ച് ഒരു പരാതിയും ഉണ്ടായിട്ടില്ലെന്നും ശ്രീ. സലീഷ് എൻ. ശങ്കർ അറിയിച്ചു.

(22) തുടർന്ന്, സംഘാടക സമിതി അംഗങ്ങളേയും പത്രപ്രവർത്തകരെയും യോഗസ്ഥലത്തു നിന്നും മാറ്റി നിർത്തിയെന്ന ബഹു. അംഗത്തിന്റെ ആരോപണത്തെ ക്കുറിച്ചുമുള്ള സമിതിയുടെ ചോദ്യത്തിന് പ്രോഗ്രാം ആരംഭിക്കുന്നതിന് രണ്ടുമണിക്കൂർ മുമ്പ് D-Phase-ൽനിന്നും എല്ലാവരെയും മാറ്റിനിർത്തണമെന്ന് പറഞ്ഞിരുന്നെങ്കിലും അതിന്റെ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വരുന്നതിനും 20 മിനിറ്റ് മുമ്പാണ് D Phase-ൽ നിന്നും ജനങ്ങളെ ഒഴിപ്പിച്ചതെന്നും അതുവരെ എല്ലാവരും D Phase-ൽ തന്നെ ഉണ്ടായിരുന്നെന്നും മറുപടി നൽകി.

(23) എം.എൽ.എ.-യുടെ അഡീഷണൽ സ്റ്റാഫായ ശ്രീ. അസ്ഹറിനെ വേദിയിൽനിന്നും പുറത്താക്കിയെന്ന് പറയുന്നത് ശരിയാണോ എന്ന് കമ്മിറ്റി ആരാഞ്ഞതിന്, എം.എൽ.എ.-യുടെ അഡീഷണൽ സ്റ്റാഫായ ശ്രീ. അസ്ഹറിനെ വേദിയിൽനിന്നും പുറത്താക്കിയിട്ടില്ലായെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി എത്തുന്നതിന് 20 മിനിറ്റു മുമ്പേ D phase മേഖല sterile ചെയ്യേണ്ടതാണെന്നും ആ സമയത്ത് ശ്രീ. അസ്ഹർ അവിടെ നിൽക്കുകയായിരുന്നുവെന്നും അതിനുമുമ്പ് അദ്ദേഹം സ്റ്റേജിലായിരുന്നുവെന്നും പരിപാടിയുടെ വീഡിയോ പരിശോധിച്ചാൽ മനസ്സിലാകുമെന്നും ശ്രീ. അസ്ഹർ D phase-ൽ നിൽക്കുന്ന സമയത്ത് ഒന്നുകിൽ സ്റ്റേജിൽ കയറിയിരിക്കണമെന്നും അല്ലെങ്കിൽ അതിനുതൊട്ടടുത്തായി വി.ഐ.പി.-കൾക്കായി അറേഞ്ച് ചെയ്തിട്ടുള്ള സീറ്റുകളിലെവിടെയെങ്കിലും ഇരിക്കണമെന്നും D phase-ൽ നിൽക്കരുതെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുവഴിയാണ് കടന്നുപോകുന്നതെന്നും അതിനുശേഷം നിൽക്കാമെന്നും മൂന്ന് പോലീസുദ്യോഗസ്ഥർ അദ്ദേഹത്തോട് പറഞ്ഞിരുന്നുവെങ്കിലും അദ്ദേഹം മാറാതിരുന്ന കാര്യം പ്രസ്തുത പോലീസുദ്യോഗസ്ഥർ തന്നെ അറിയിച്ചതിനെത്തുടർന്ന് ശ്രീ. അസ്ഹർ എന്ന ഉദ്യോഗസ്ഥനോട് തൽക്കാലം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വരുന്നതുവരെ അവിടെ നിൽക്കരുതെന്ന് പറഞ്ഞെങ്കിലും അദ്ദേഹം അപമര്യാദയായി പെരുമാറുകയാണുണ്ടായതെന്നും ഇത് വീഡിയോ പരിശോധിച്ചാൽ ബോധ്യമാകുമെന്നും ശ്രീ. സലീഷ് എൻ. ശങ്കർ സമിതിക്കു മറുപടി നൽകി.

(24) നാട്ടിക നിയോജകമണ്ഡലത്തിലെ നവകേരള സദസ്സിൽ പങ്കെടുത്ത വ്യക്തികൾ, എം.എൽ.എ., അസിസ്റ്റന്റ്, സംഘാടക സമിതി അംഗങ്ങൾ എന്നിവരുമായി നേരിട്ട് ആശയവിനിമയം നടത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ആശയവിനിമയം നടത്തിയിട്ടില്ലായെന്നും ശ്രീ. സലീഷ് എൻ. ശങ്കർ അറിയിച്ചു.

(25) പരാതികളിലുൾപ്പെട്ട പ്രധാന സാക്ഷികളെ പോലീസ് ചോദ്യം ചെയ്തിട്ടില്ലെന്ന എം.എൽ.എ.-യുടെ ആരോപണത്തെക്കുറിച്ചുള്ള പ്രതികരണം എന്താണ് എന്ന് ആരാഞ്ഞതിന്, അതുസംബന്ധിച്ച് തനിക്കറിയില്ലായെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥർ അക്കാര്യം ചോദിച്ചിട്ടുണ്ടാകുമെന്നാണ് കരുതുന്നതെന്നും വിശദമായി അന്വേഷിക്കാതെ ആഭ്യന്തര വകുപ്പ് നിയമസഭാ സമിതിയുടെ മുന്നിൽ റിപ്പോർട്ട് സമർപ്പിക്കുകയില്ലായെന്നാണ് തന്റെ വിശ്വാസമെന്നും മറുപടി നൽകി. ഇതുമായി ബന്ധപ്പെട്ട് മറ്റു വകുപ്പുതല നടപടികളൊന്നും താൻ നേരിട്ടിട്ടില്ലായെന്നും ടിയാൻ കൂട്ടിച്ചേർത്തു.

(26) പരാതിക്ക് ആധാരമായ വിഷയവുമായി ബന്ധപ്പെട്ട് സമിതി മുമ്പാകെ മറ്റെന്തെങ്കിലും ബോധിപ്പിക്കാനുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് തനിക്ക് ചെറുപ്പകാലം മുതൽ സി.സി.മുകുന്ദൻ എം.എൽ.എ. അറിയാവുന്നതാണെന്നും, പല കാര്യങ്ങളെ സംബന്ധിച്ചും തങ്ങൾ ഫോണിൽ വിളിച്ച് സംസാരിക്കുകയും താൻ പറയുന്ന കാര്യങ്ങൾ അദ്ദേഹം ഉൾക്കൊള്ളുകയും ചെയ്യുമായിരുന്നുവെന്നും എന്നാൽ അദ്ദേഹത്തിന്റെ അഡീഷണൽ സ്റ്റാഫ് ശ്രീ. അസ്ഹർ അനാവശ്യമായി ഇടപെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഒരു പരാതിയ്ക്കിടയായതെന്നും സംഭവത്തിനുശേഷം പലതവണ അംഗത്തെ ബന്ധപ്പെടാൻ ശ്രമിച്ചിരുന്നെങ്കിലും ബഹു. അംഗം സംസാരിക്കാൻ തയ്യാറാകാതിരുന്നത് വിഷമമുണ്ടാക്കിയെന്നും തന്റെ സർവ്വീസ് ബുക്കിൽ ഇതുവരെ ബ്ലാക്ക് മാർക്കൊന്നും ഉണ്ടായിട്ടില്ലായെന്നും അടുത്തിടെ രാഷ്ട്രപതിയുടെ പോലീസ് മെഡൽ തനിക്ക് ലഭിച്ചിരുന്നുവെന്നും ശ്രീ. സലീഷ് ശങ്കർ കമ്മിറ്റിയെ ബോധിപ്പിച്ചു.

(27) തുടർന്ന്, സംഘാടക സമിതിയുടെ അനുമതിയില്ലാതെ സ്റ്റേജ്, ബാരിക്കേഡ് എന്നിവ പൊളിച്ചുമാറ്റിയെന്നും ജില്ലാ കളക്ടറും റൂറൽ എസ്.പി.-യും ഹെലിഡ്രോൺ പ്രവർത്തിപ്പിക്കാൻ അനുമതി നൽകിയിട്ടും താങ്കൾ അതിന് സമ്മതിച്ചില്ലെന്ന് പറയുന്നതു സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഹെലിഡ്രോൺ പ്രവർത്തിപ്പിക്കുന്നതുസംബന്ധിച്ച് ബഹു. അംഗവുമായി ചർച്ച ചെയ്യുകയും തുടർന്ന് ഒഫിഷ്യലായി മേക്കിങ് ഐ.ഡി.-യും ലൈസൻസും വച്ച് രേഖാമൂലം അപേക്ഷ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തതെന്നും എന്നാൽ D phase ഏരിയയിലേക്കും ഗ്രീൻ റൂമിലേക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇരിക്കുന്ന സ്റ്റേജിലേക്കും ഡ്രോൺ പറത്തരുതെന്നും ബാക്കിയുള്ള സ്ഥലങ്ങളിലേക്ക് ഡ്രോൺ പറത്താമെന്നുമാണ് പറഞ്ഞിട്ടുണ്ടായിരുന്നതെന്നും ടി വിഷയം സംബന്ധിച്ച് ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.-യുമായി ഒരു തർക്കവുമുണ്ടായിട്ടില്ലായെന്നും ശ്രീ. സലീഷ് ശങ്കർ കമ്മിറ്റിയെ അറിയിച്ചു.

**കമ്മിറ്റിയുടെ നിഗമനങ്ങൾ/കണ്ടെത്തലുകൾ**

ശ്രീ. സി.സി. മുകുന്ദൻ, എം.എൽ.എ.യുടെ പരാതിയുമായി ബന്ധപ്പെട്ട്, ആഭ്യന്തര (എ) വകുപ്പിൽ നിന്നും 25.10.2024-ാം തീയതിയായി കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച വിശദമായ റിപ്പോർട്ടും, റിപ്പോർട്ടിന്മേൽ പ്രതികരിച്ചു കൊണ്ട് ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. നൽകിയ കത്തും പരിഗണിച്ച കമ്മിറ്റി, പരാതിയുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിൽനിന്നും ലഭ്യമായിട്ടുള്ള റിപ്പോർട്ട് അംഗീകരിക്കാനും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാനും തീരുമാനിച്ചു.

**കമ്മിറ്റിയുടെ ശിപാർശ**

സർക്കാർ ഉദ്യോഗസ്ഥർ ഏതു സാഹചര്യത്തിലും നിയമസഭാ സാമാജികർക്ക് അർഹമായ പരിഗണനയും ബഹുമാനവും നൽകേണ്ടതുണ്ടെന്നിരിക്കെ നവ കേരള സദസ്സുമായി ബന്ധപ്പെട്ട് ശ്രീ. സി.സി. മുകുന്ദൻ, എം.എൽ.എ., ശ്രീ. സലീഷ് എൻ. ശങ്കറിനെതിരായി പ്രോട്ടോക്കോൾ ലംഘനം സംബന്ധിച്ച പരാതി നൽകാൻ ഇടയായ സാഹചര്യം സംജാതമായത് ഉചിതമായില്ല എന്ന വിലയിരുത്തിയ സമിതി, ശ്രീ. സലീഷ് എൻ. ശങ്കർ സമിതിക്കു നൽകിയിട്ടുള്ള വിവരങ്ങൾ അടിസ്ഥാന പ്പെടുത്തിയും, സർവ്വീസ് ചരിത്രത്തിൽ വകുപ്പുതല നടപടികൾ ഒന്നും ശ്രീ. സലീഷ് എൻ. ശങ്കർ നേരിട്ടിട്ടില്ലെന്നുള്ളതും രാഷ്ട്രപതിയുടെ പോലീസ് മെഡൽ ഉൾപ്പെടെ ലഭിച്ചിട്ടുള്ളത് കണക്കിലെടുത്തും പ്രസ്തുത വിഷയത്തിൽ സംസ്ഥാന പോലീസ് മോധാവി അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും ആഭ്യന്തര വകുപ്പിൽ നിന്നും 25.10.2024 തീയതിയായി ലഭ്യമായിട്ടുള്ള റിപ്പോർട്ട് അംഗീകരിക്കുന്നതിന് സമിതി തീരുമാനിച്ചു. ഈ സാഹചര്യത്തിൽ, ശ്രീ. സലീഷ് എൻ. ശങ്കറിനെതിരെ (നിലവിൽ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, ജില്ലാ ക്രൈംബ്രാഞ്ച്, തൃശ്ശൂർ സിറ്റി)യുള്ള പ്രോട്ടോക്കോൾ ലംഘനം സംബന്ധിച്ച പരാതിയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കാവുന്ന താണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മുരളി പെരുനെല്ലി.,**
ചെയർപേഴ്സൺ,
പ്രിവിലേജസ്, എഥിക്സ് എന്നിവ
സംബന്ധിച്ച കമ്മിറ്റി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 2.

അനുബന്ധം 1

സി. സി. മുകുന്ദൻ, എം.എൽ.എ.
കേരള നിയമസഭ.

13-12-2023.

സർ,

നാട്ടിക നിയോജകമണ്ഡലം നവകേരള സദസ്സ് നടന്ന വേദിയിൽ ഡിസംബർ 4, 5 ദിവസങ്ങളിലായി ഡി.വൈ.എസ്.പിയുടെ നേതൃത്വത്തിൽ ക്രമവിരുദ്ധമായ രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടന്നത്. സംഘാടക സമിതി ചെയർമാനായ എന്നോടോ മറ്റ് ഭാരവാഹികളോടോ ചർച്ച ചെയ്യാതെയാണ് വേദിയിലെ പലകാര്യങ്ങളും മാറ്റി മറിച്ചത്, കൂടാതെ നിരവധി സംഘാടക സമിതി അംഗങ്ങളോടും, പ്രധാനമായി പത്ര പ്രവർത്തകരുടെയും പ്രവർത്തനങ്ങളിൽ കൊടുങ്ങല്ലൂർ ഡി.വൈ. എസ്.പി സലീഷ് എൻ ശങ്കറിന്റെ നേതൃത്വത്തിലുള്ള പോലീസ് ഉദ്യോഗസ്ഥർ തടസ്സം സൃഷ്ടിച്ചു. ഡി.വൈ.എസ്.പിയുടെ മോശമായ സമീപനം നവകേരള സദസ്സിന്റെ സംഘാടക - പ്രചരണ പ്രവർത്തനങ്ങളെ കാര്യമായ രീതിയിൽ തന്നെ ബാധിച്ചിരുന്നു.

ഡി.വൈ.എസ്.പി സലീഷ് എൻ ശങ്കറിന്റെ ഭാഗത്ത് നിന്നുണ്ടായ കുറ്റകരമായ വീഴ്ചകൾ -

1. നവകേരള സദസ്സിന്റെ വേദിയിൽ സംഘാടക സമിതി തീരുമാന പ്രകാരം വെപ്പിച്ച ബാരിക്കേഡുകൾ സംഘാടക സമിതിയിൽ അറിയിക്കാതെ സ്റ്റേജ് വർക്ക് കോൺട്രാക്ടർക്ക് സാമ്പത്തിക നഷ്ടം വരുന്ന രീതിയിൽ തലേ ദിവസം തന്നെ എല്ലാം മാറ്റിവെപ്പിച്ചു, യാതൊരു കൂടിയാലോചനയും നടത്തിയില്ല.

2. നവകേരള സദസ്സിന്റെ ഭാഗമായുള്ള പ്രചാരണ പ്രവർത്തനങ്ങൾക്കായി ഹെലി ഡ്രോൺ ക്യാമറ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് വർക്ക് ചെയ്യുന്ന വ്യക്തിയുടെ വിവരങ്ങൾ നൽകി കളക്ടറും, തൃശ്ശൂർ റൂറൽ എസ്.പി.യും സമ്മതിച്ചിട്ടും, ഡിവൈഎസ്.പി. അനുമതി നൽകിയില്ല. വേദിയിലും പുറത്തും ക്യാമറ ഉപയോഗിച്ച വ്യക്തിയെ പലതവണ പോലീസ് ഉദ്യോഗസ്ഥർ തടയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു, എന്റെ മുന്നിൽ വെച്ച് തന്നെ ആ വ്യക്തിയോട് മോശമായി പെരുമാറി, തള്ളി പുറത്തേയ്ക്ക് മാറ്റുകയും ചെയ്തു, ഡി.വൈ.എസ്.പി യുടെ നിർദ്ദേശമാണെന്നാണ് മറ്റു പോലീസ് ഉദ്യോഗസ്ഥർ പറഞ്ഞത്.

3. സദസ്സിന്റെ വേദിയിലും സ്റ്റേജിലും സംഘാടക സമിതി അംഗങ്ങളെയും, പത്ര പ്രവർത്തകരെയും പുറത്തേക്ക് മാറ്റി നിർത്തി. സ്റ്റേജിലെ പ്രവർത്തങ്ങൾക്ക് ഞാൻ ചുമതലപ്പെടുത്തിയ എന്റെ അഡിഷണൽ പി.എ അസ്ഹറിനെ 3 പോലീസ് ഉദ്യോഗസ്ഥരെ കൊണ്ട് പിടിച്ചു മാറ്റി തള്ളി പുറത്താക്കാൻ ശ്രമിച്ചു. ഇത് കണ്ട ഞാൻ സ്റ്റേജിൽ നിന്നും ഇറങ്ങി സംസാരിച്ചപ്പോൾ എന്നോട് മോശമായാണ് ഡി.വൈ.എസ്.പി പെരുമാറിയത്, അതിനു ശേഷമാണ് ഞാൻ മൈക്കിലൂടെ സംസാരിക്കാൻ ഇടയായത്.

4. പരിപാടിയുടെ തുടക്കം മുതൽ സംഘാടക സമിതി ജനങ്ങൾക്കായും, പത്ര പ്രവർത്തകർക്കയും ഏർപ്പെടുത്തിയ കുടിവെള്ളം (1000 ബോട്ടിൽ), സംഘാടക സമിതി അംഗങ്ങൾ വേദിയിലെ ആളുകൾക്ക് കൊണ്ട് കൊടുക്കുമ്പോൾ അവരെ തടയുക

ചെയ്തതോടെ കുടിവെള്ളം ആർക്കും ലഭിക്കാതായി, മുമ്പിലിരുന്ന വിഐപികൾക്ക് സ്റ്റേജിൽ നിന്നും ആണ് മിനറൽ വാട്ടർ എടുത്ത് നൽകിയത്. പരിപാടിക്ക് ശേഷം ഒരുപാട് പേർ കുടിവെള്ളം പോലും ലഭിക്കാതെ പരാതിയുമായി രംഗത്ത് വന്നു.

5. സദസിൽ വന്നിരുന്ന ജനങ്ങൾക്ക് ചായയും, സ്നാക്സും നൽകുന്നതിനായി കൗണ്ടർ ഏർപ്പെടുത്തിയിരുന്നു എന്നാൽ, ചായയും സ്നാക്സും വെച്ചിരിക്കുന്ന കൗണ്ടറിലേക്ക് അവ കൊണ്ട് വന്നത് പോലീസ് ഉദ്യോഗസ്ഥർ തടഞ്ഞു.

നാട്ടിക നിയോജകമണ്ഡലം നവകേരള സദസ്സ് വേദിയിൽ ഡി.വൈ.എസ്.പി സലീഷ് എൻ ശങ്കറിന്റെ നേതൃത്വത്തിലുള്ള പോലീസ് ഉദ്യോഗസ്ഥർ നിരുത്തരവാദിത്വ പരമായി സംഘാടക സമിതിയുടെ പ്രവർത്തനങ്ങളെ അടിച്ചമർത്തി താളം തെറ്റിക്കുന്ന രീതിയിലാണ് മുന്നോട്ട് പോയിരിക്കുന്നത്. ഈ മോശമായ സമീപനത്തിൽ സംഘാടക സമിതി ചെയർമാൻ എന്ന നിലയിൽ ഞാൻ അതൃപ്തി രേഖപെടുത്തുന്നു. എം.എൽ.എ എന്ന നിലയിൽ എനിക്കുണ്ടായ ദുരനുഭവത്തിൽ നിയമസഭ പ്രിവിലേജസ് & എത്തിക്സ് കമ്മിറ്റി മേൽ പറഞ്ഞ പരാതിയിൽ നിയമപരമായ നടപടികൾ സ്വീകരിക്കണമെന്ന് താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,<br>
(ഒപ്പ്)<br>
സി. സി. മുകുന്ദൻ, എം.എൽ.എ.

അനുബന്ധം 2

നമ്പർ.ജെ2/95/2024/ആഭ്യന്തരം

ആഭ്യന്തര (ജെ) വകുപ്പ്
24-05-2024,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി.

സെക്രട്ടറി
കേരള നിയമസഭ
തിരുവനന്തപുരം.

സർ,

വിഷയം:- ആഭ്യന്തര വകുപ്പ്- പതിനഞ്ചാം കേരള നിയമസഭ- ശ്രീ. സി. സി. മുകുന്ദൻ എം.എൽ.എ. സമർപ്പിച്ച പരാതി- റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന:- 1.താങ്കളുടെ 22.06.2023-ലെ 20826/ടേബിൾ-2/2023/നി.സെ. നമ്പർ കത്ത്.
2. സംസ്ഥാന പോലീസ് മേധാവിയുടെ 29.04.2024-ലെ K6-29811/2024/PHQ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2023 ഡിസംബർ 4,5 തീയതികളിലായി നാട്ടിക നിയോജകമണ്ഡലത്തിൽ നവകേരള സദസ്സിനോടനുബന്ധിച്ചുണ്ടായ പ്രോട്ടോക്കോൾ ലംഘനം സംബന്ധിച്ച് ശ്രീ. സി.സി.മുകുന്ദൻ എം.എൽ.എ, സമർപ്പിച്ച സൂചന (1) പ്രകാരം താങ്കൾ ലഭ്യമാക്കിയിട്ടുള്ള പരാതിയിന്മേൽ തൃശ്ശൂർ റൂറൽ ജില്ല സി ബ്രാഞ്ച് പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് മുഖേന അന്വേഷണം നടത്തി തൃശ്ശൂർ റൂറൽ ജില്ല പോലീസ് മേധാവി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ പരാതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ അന്വേഷണങ്ങളിൽ നിന്നും സാക്ഷി മൊഴികളിൽ നിന്നും ബഹു.എം.എൽ.എ ആരോപിക്കുന്നത് പോലെ കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി സലീഷ് ശങ്കറിന്റെ നേതൃത്വത്തിൽ ക്രമവിരുദ്ധമായ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായോ കടിവെള്ളം/ഭക്ഷണ വിതരണത്തിനു എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായിരുന്നതായോ നവകേരള സദസ്സിൻ്റെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്ന തരത്തിൽ എന്തെങ്കിലും സംഭവിച്ചതാണോ വെളിവായിട്ടില്ലെന്ന സൂചന (2) പ്രകാരം സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
പ്രസീത. കെ.സി.
ജോയിന്റ് സെക്രട്ടറി
Date: 24-05-2024

അനുബന്ധം 3

സി. സി. മുകുന്ദൻ, എം.എൽ.എ.
കേരള നിയമസഭ.

12-06-2024.

സെക്രട്ടറി
കേരള നിയമസഭ.

പ്രിയ സെക്രട്ടറി

വിഷയം : നം 20826/ടേബിൾ -2/2023/നി. സെ കത്തിന്റെ മറുപടി.
സൂചന : 13.12.2023 ൽ നാട്ടിക നിയോജകമണ്ഡലത്തിലെ നവകേരള സദസ്സിൽ നടന്ന പ്രോട്ടോകോൾ ലംഘനം സംബന്ധിച്ച് നൽകിയ പരാതി.

2023 ഡിസംബർ 4-5 തിയ്യതികളിലായി നാട്ടിക നിയോജക മണ്ഡലത്തിലെ നവകേരള സദസ്സിൽ കൊടുങ്ങല്ലൂർ Dysp സലീഷ് എൻ ശങ്കറിന്റെ ഭാഗത്തു നിന്ന് വളരെ മോശമായ സമീപനങ്ങളും, ക്രമവിരുദ്ധ പ്രവർത്തനങ്ങളും ചൂണ്ടി കാണിച്ച് പരാതി നൽകിയിരുന്നു. എന്നാൽ ഈ പരാതി അന്വേഷിക്കുന്നതിനായി ചുമതലപ്പെടുത്തിയത് തൃശ്ശൂർ റൂറൽ എസ്.പിയെ ആണ്. ബഹു. മുഖ്യമന്ത്രിക്കും, ജില്ലാ കളക്ടർക്കും പ്രശ്നങ്ങൾ ഉണ്ടായപ്പോൾ തന്നെ പരാതി നൽകിയിരുന്നു നീതിപൂർവമായ അന്വേഷണം നടത്തി തെറ്റുകാരനായ Dysp സലീഷ് എൻ ശങ്കറിനെതിരെ നടപടി എടുക്കുമെന്ന വിശ്വാസത്തിലാണ് ഞാൻ പരാതി നൽകിയത്, എന്നാൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണം പോലീസ് ഉദ്യോഗസ്ഥർ തന്നെ അന്വേഷിക്കുമ്പോൾ ഡിപ്പാർട്ട്മെന്റിനുള്ളിലെ സ്വാധീനം ഉപയോഗിച്ച് റിപ്പോർട്ട് ഒരിക്കലും സത്യസന്ധമായിരിക്കില്ല എന്ന് ഒരുപാട് വിഷയങ്ങളിൽ അനുഭവപെട്ടിട്ടുണ്ട് . Dysp ക്ക് അനുകൂലമായി തന്നെയാണ് അവർ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ഇതേ റിപോർട്ടുകൾ തന്നെയാണ് റൂറൽ എസ്.പി മുഖ്യമന്ത്രിക്കും, കളക്ടർക്കും സമർപ്പിച്ചിട്ടുള്ളത്.

ഈ പരാതിയിൽ കൃത്യമായ അന്വേഷണം നടന്നിട്ടില്ല എന്നതിന്റെ തെളിവുകൾ

1. നവകേരള സദസ്സിൽ dysp സലീഷ് എൻ ശങ്കർ സംഘാടക സമിതി അംഗങ്ങളോട് മോശമായി പെരുമാറിയിരുന്നു, എന്നാൽ ആ മോശമായി പെരുമാറിയ സംഘാടക സമിതി അംഗങ്ങളെ പോലീസ് ഇന്നേവരെ ബന്ധപ്പെട്ടിട്ടില്ല. (കിഷോർ വാഴപ്പുള്ളി, ലാൽ വലപ്പാട് , ഷാനവാസ് തളിക്കുളം, നജീബ് പി.എസ്)

2. നവകേരള സദസ്സുമായി ബന്ധപ്പെട്ട തലേദിവസം ഹെലി ഡ്രോൺ വർക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട് തീരുമാനമായപോളും സദസ്സിൽ മറ്റു പോലീസ് ഉദ്യോഗസ്ഥരെ വെച്ച് കൊണ്ട് ബലമായി ആ വ്യക്തിയെ തട്ടി മാറ്റി പുറത്താക്കി മോശമായി പെരുമാറി.

3. സദസ്സിലെ സംഘാടക സമിതി അംഗങ്ങളേയും പത്രക്കാരെയും പുറത്തേക്ക് മാറ്റി നിർത്തി ഇവരുടെ മൊഴി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

4. പരിപാടിയുടെ തുടക്കത്തിൽ വേദിയിലേക്കുള്ള കുടിവെള്ളം തടയുകയും കുടിവെള്ളം ജനങ്ങൾക്ക് ലഭിക്കാതെ പരാതിയുമായി രംഗത്ത് വരികയും ചെയ്തു, വേദിയുടെ മുൻസീറ്റിലിരുന്ന ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ ഈ ദുരനുഭവം നേരിൽ

കണ്ടിട്ടും, അനുഭവിച്ചിട്ടുമുള്ളതാണ്. അവരിൽ നിന്നൊന്നും പോലീസ് റിപ്പോർട്ട് ശേഖരിച്ചിട്ടില്ല.

എന്റെയും അഡി.പി.എ അസ്ഹറിന്റെയും മൊഴികൾ പോലീസ് റിപ്പോർട്ടിൽ നിയമസഭാ സ്പീക്കർ & സെക്രട്ടറി നേരിൽ പരിശോധിക്കേണ്ടതാണ് . ആരുടെയൊക്കെ മൊഴികൾ രേഖപ്പെടുത്തി എന്നുള്ളതും നിയമസഭാ കമ്മിറ്റി പരിശോധിക്കണം ഹിയറിങ് അടക്കമുള്ള നടപടികൾ ചെയ്തുകൊണ്ട് നവകേരള സദസ്സിൽ നിരുത്തരവാദിത്വപരമായി പെരുമാറിയ കൊടുങ്ങല്ലൂർ dysp സലീഷ് എൻ ശങ്കറിനെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ഈ പരാതിയിൽ പോലീസ് ഡിപ്പാർട്മെന്റ് അന്വേഷണം നടത്തിയാൽ നീതി പൂർവമായ അന്വേഷണം നടക്കില്ല )

വിശ്വസ്തതയോടെ,

(ഒപ്പ്)

**സി. സി. മുകുന്ദൻ, എം.എൽ.എ.**

അനുബന്ധം 4

പതിനഞ്ചാം കേരള നിയമസഭ

ബുള്ളറ്റിൻ - ഭാഗം 2

2024 ജൂൺ 22

നമ്പർ:522

ശ്രീ. സി. സി. മുകുന്ദൻ എം.എൽ.എ കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. സലീഷ്.എൻ.ശങ്കറിനെതിരെ സമർപ്പിച്ച പരാതി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തത് സംബന്ധിച്ച്

2023 ഡിസംബർ 4. 5 തീയതികളിൽ നാട്ടിക നിയോജകമണ്ഡലത്തിലെ 'നവകേരള സദസ്സ്' നടന്ന വേദിയിൽ സംഘാടക സമിതിയുടെ പ്രവർത്തനങ്ങളെ താളം തെറ്റിക്കുന്ന തരത്തിൽ കൊടുങ്ങല്ലൂർ ഡി.വൈ.എസ്. പി. സലീഷ്. എൻ. ശങ്കറിന്റെ നേതൃത്വത്തിൽ നടന്ന ക്രമവിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സംഘാടക സമിതി ചെയർമാനായിരുന്ന ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. സമർപ്പിച്ച പരാതിയിൻമേൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പരാതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് ബഹു.സ്പീക്കർ അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 20.06.2024-ന് റഫർ ചെയ്തിരിക്കുന്നു.

ഡോ.എൻ.കൃഷ്ണ കുമാർ,
സെക്രട്ടറി.

## അനുബന്ധം -5

അസിസ്റ്റന്റ് പോലീസ് കമ്മിഷണറുടെ
കാര്യാലയം,
തൃശ്ശൂർ സബ് ഡിവിഷൻ,
തൃശ്ശൂർ സിറ്റി.
തിയതി : 06.09.2024
email: acptsr.pol@kerala.gov.in.

പ്രേഷകൻ
സലീഷ് എൻ. എസ്.
അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, തൃശ്ശൂർ സബ് ഡിവിഷൻ,
തൃശ്ശൂർ സിറ്റി.

സ്വീകർത്താവ്
സെക്രട്ടറി,
പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി കേരള നിയമസഭ.

സർ,

വിഷയം- നാട്ടിക MLA ശ്രീ. സി.സി. മുകുന്ദൻ കേരള നിയമസഭാ പ്രിവിലേജസ്, എതിക്സ് എന്നിവ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.
സൂചന - നമ്പർ 20826/ടേബിൾ-2/2023/നി.സെ.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ച് കൊള്ളുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ് പ്രിവിലേജസ്, എതിക്സ് എന്നിവ സംബന്ധിച്ച സമിതി മുമ്പാകെ തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലം MLA ശ്രീ. സി.സി. മുകുന്ദൻ എനിക്കെതിരെ (സലീഷ് എൻ. എസ്., ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഓഫ് പോലീസ്, കൊടുങ്ങല്ലൂർ സബ് ഡിവിഷൻ) സമർപ്പിച്ച പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മേൽ സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നതാണ്.

ശ്രീ. സി. സി. മുകുന്ദൻ MLA സമർപ്പിച്ച പരാതിയിൽ, നവകേരള സദസ്സ് ഡിസംബർ 4, 5 എന്നീ തിയതികളിലായി നാട്ടിക നിയോജക മണ്ഡലം വേദിയിൽ വെച്ച് കൊടുങ്ങല്ലൂർ ഡി. വൈ. എസ്. പി. ആയിരുന്ന എന്റെ ഭാഗത്ത് നിന്നും ക്രമവിരുദ്ധമായ പ്രവർത്തനങ്ങൾ നടന്നുവെന്നും, സംഘാടക സമിതി ചെയർമാനായ ശ്രീ. മുകുന്ദനോടോ മറ്റ് ഭാരവാഹികളോടോ ചർച്ച ചെയ്യാതെ വേദിയിലെ പല കാര്യങ്ങളും മാറ്റി മറിച്ചുവെന്നും സംഘാടക സമിതി അംഗങ്ങളുടേയും പത്ര പ്രവർത്തകരുടേയും പ്രവർത്തനങ്ങളിൽ കൊടുങ്ങല്ലൂർ എന്റെ നേതൃത്വത്തിലുള്ള പോലീസ് ഉദ്യോഗസ്ഥർ തടസ്സം സൃഷ്ടിച്ചുവെന്നും ഡി.വൈ.എസ്.പിയുടെ മോശമായ സമീപനം നവകേരള സദസ്സിന്റെ പ്രചാരണ പ്രവർത്തനങ്ങളെ കാര്യമായ രീതിയിൽ തന്നെ ബാധിച്ചിരുന്നുവെന്നും സ്റ്റേജ് വർക്ക് കോൺട്രാകർക്ക് സാമ്പത്തിക നഷ്ടം വരുത്തിയെന്നും ഹെവി ഡ്രോൺ ക്യാമറ ഉപയോഗിച്ച വ്യക്തിയെ പോലീസ് ഉദ്യോഗസ്ഥർ തടയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്നും, വേദിയിലും, സ്റ്റേജിലും സംഘാടക സമിതി അംഗങ്ങളെയും പത്ര പ്രവർത്തകരെയും പുറത്തേക്ക് മാറ്റി നിർത്തിയെന്നും വേദിയിലെ ആളുകൾക്ക് കൊടുക്കുവാൻ കൊണ്ട് വന്ന

1000 ബോട്ടിൽ കുടിവെള്ളത്തിന്റെ വിതരണം തടഞ്ഞുവെന്നും, ചായയും സ്നാക്സും കൊണ്ട് വരുന്നതും പോലീസ് തടഞ്ഞുവെന്നും മറ്റുമാണ് ആരോപിച്ചിരിക്കുന്നത്.

ഞാൻ നിലവിൽ തൃശ്ശൂർ സബ് ഡിവിഷൻ അസിസ്റ്റന്റ് പോലീസ് കമ്മീഷണറായി ജോലി നോക്കി വരികയാണ്. അതിന് മുമ്പ് മുനമ്പം സബ് ഡിവിഷൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടും, അതിനും മുമ്പ് തൃശ്ശൂർ റൂറൽ ജില്ലയിൽ കൊടുങ്ങല്ലൂർ സബ് ഡിവിഷൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടും ആയി ജോലി ചെയ്തിരുന്നു.

ഞാൻ കൊടുങ്ങല്ലൂർ സബ് ഡിവിഷൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായി ജോലി ചെയ്തു വരവെ 06.12.2023 തിയതിയിൽ തൃപ്രയാറിൽ വെച്ച് നടന്ന നാട്ടിക നിയോജക മണ്ഡലത്തിലെ നവകേരള സദസ്സിനോടനുബന്ധിച്ച് രൂപീകരിച്ച വിവിധ കമ്മറ്റികളിൽ ഡിസിപ്ലിൻ കമ്മറ്റിയുടെ കൺവീനർ ആയിരുന്നു. വേദിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, മന്ത്രിമാർ എന്നിവർക്ക് മാത്രമെ പ്രവേശനമുണ്ടായിരുന്നുള്ളൂ. അവരുടെ ലിസ്റ്റ് പോലീസിന് മുൻകൂട്ടി ലഭ്യമാക്കിയിരുന്നു. ഈ കാര്യങ്ങൾ എം.എൽ.എ അടക്കമുള്ള കമ്മിറ്റികളുടെ കൂടി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിരുന്നത്. സെക്യൂരിറ്റിയുടെ ഭാഗമായി സ്റ്റേജിനു മുമ്പിലുള്ള D Phase ൽ സെക്യൂരിറ്റിയുമായി ബന്ധപെട്ട ഉദ്യോഗസ്ഥർക്ക് മാത്രമെ പ്രവേശനം അനുവദിക്കാൻ പാടുള്ളൂ എന്ന് കൃത്യമായ മേൽനിർദ്ദേശം ഉണ്ടായിരുന്നു.

നവകേരള സദസ്സുമായി ബന്ധപ്പെട്ട് ആയതിന്റെ ഭംഗിയായ നടത്തിപ്പിന് എം.എൽ.എ ചെയർമാനും, ജില്ലാ സപ്ലൈ ഓഫീസർ ജയചന്ദ്രൻ കൺവീനർ ആയി മെയിൻ കമ്മറ്റിയും, ആയതിന്റെ കീഴിൽ പ്രോഗ്രാം, പ്രചാരണം, സ്റ്റേജ്, സോഷ്യൽ മീഡിയ, രജിസ്ട്രേഷൻ, ഫിനാൻസ്, സാംസ്കാരികം, ഭക്ഷണം, ഗതാഗതം, സ്റ്റാൾ, കുടുംബശ്രീ, അച്ചടക്കം, ഇൻവിറ്റേഷൻ എന്നിങ്ങനെ പ്രത്യേകം സബ് കമ്മിറ്റികളും ഉണ്ടാക്കിയിരുന്നു. ആയതിൽ എം.എൽ.എ നിർദ്ദേശിച്ചതനുസരിച്ച് ഡിസിപ്ലിൻ കമ്മറ്റിയുടെ കൺവീനർ ആയി തെരഞ്ഞെടുത്തത് എന്നെയും ചെയർമാനായി തെരഞ്ഞെടുത്തത് അന്തിക്കാട് പഞ്ചായത്ത് പ്രസിഡന്റ് ജ്യോതി രാമനെയുമായിരുന്നു.

പ്രസ്തുത പരിപാടിക്കാവശ്യമായ വളന്റിയേഴ്സിനെ സെലക്ട് ചെയ്യുകയും ഇതര കമ്മറ്റികൾക്കാവശ്യമായ വളന്റിയേഴ്സിനെ നൽകലുമായിരുന്നു കമ്മറ്റിയുടെ പ്രധാനപ്പെട്ട ചുമതല. ആയത് പ്രകാരം അന്തിക്കാട് ഗ്രാപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുജിത്തിന്റെ നേതൃത്വത്തിൽ 2000 ഓളം വളന്റിയേഴ്സിനെ സെലക്ട് ചെയ്ത് അവർക്കാവശ്യമായ ബ്രീഫിങ്ങും, ഡ്യൂട്ടിയും എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ വിശദമായി ഞാൻ വിവരിച്ച് കൊടുത്തിരുന്നു. ആയത് നടപ്പിലാക്കിയത് വലപ്പാട് പോലീസ് സ്റ്റേഷനിലെ ഹരിയാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരിപാടി സ്ഥലത്തും യാത്രാവേളയിലും ചീമുട്ടകൾ എറിയുന്നതിനും കറുത്ത ബലൂണുകൾ പറത്തി വിടാനും, കുപ്പികൾ എറിയാനും, വഴിയിൽ ഉന്തുവണ്ടികൾ ഇടാനും, കരിങ്കൊടി പ്രയോഗത്തിനും സാദ്ധ്യതയുള്ളതായി ഇന്റലിജൻസ് റിപ്പോർട്ട് ഉണ്ടായിരുന്നു.

എനിക്കെതിരെ ബഹുമാനപ്പെട്ട നാട്ടിക എം.എൽ.എ ശ്രീ മുകുന്ദൻ അദ്ദേഹത്തിന്റെ പരാതിയിൽ 5 ആരോപണങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട എം.എൽ.എ പരാതിയിൽ ഉന്നയിക്കുന്ന കാര്യങ്ങളിൽ ഒന്നാമതായി പറയുന്നത് നവകേരള സദസ്സിന്റെ വേദിയിൽ സംഘാടക സമിതി തീരുമാന പ്രകാരം വെയ്പിച്ച ബാരിക്കേഡുകൾ സംഘാടക സമിതിയിൽ അറിയിക്കാതെ സ്റ്റേജ് വർക്ക് കോൺട്രാക്ടർക്ക് സാമ്പത്തിക നഷ്ടം വരുന്ന രീതിയിൽ യാതൊരു കൂടിയാലോചനയും കൂടാതെ തലേദിവസം തന്നെ മാറ്റി വെച്ചുവെന്നാണ്-

Z Category സെക്യൂരിറ്റിയുള്ള ബഹു മാനപ്പെട്ട മുഖ്യമന്ത്രി നവകേരള സദസ്സിൽ പങ്കെടുക്കുന്ന സ്ഥലത്ത് bluebook പ്രകാരമുള്ള സെക്യൂരിറ്റി അറേഞ്ച്മെൻറ് ചെയ്യേണ്ടതിനാൽ അത്തരത്തിലുള്ള സെക്യൂരിറ്റി ആണ് നടപ്പാക്കിയിരുന്നത്. സ്റ്റേജ് നിർമ്മിച്ചത് ജില്ലാ പോലീസ് മേധാവി, ജില്ലാകളക്ടർ, മറ്റ് ഇതര കമ്മിറ്റി കൺവീനർമാർ, ചെയർമാൻമാർ എന്നിവർ ചേർന്ന് തീരുമാനിച്ച പ്രകാരം ബ്ലൂ ബുക്കിൽ നിർദ്ദേശിക്കപ്പെട്ടതനുസരിച്ച് സ്കെച്ച് നേരത്തെ തയ്യാറാക്കി കൊടുത്തിരുന്നത് പ്രകാരമാണ് നിശ്ചിത ക്രമീകരണങ്ങളിൽ ഉണ്ടായികൊണ്ടിരുന്ന അപാകതകൾ യഥാസമയം എക്സിക്യൂട്ടിവ് എഞ്ചിനിയറും ഞാനും അവിടെ ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള എസ്.എച്ച്.ഒയും അവിടെ സന്നിഹിതരായിരുന്ന സ്റ്റേജ് കമ്മിറ്റി ഭാരവാഹികളും കമ്മറ്റി ചെയർമാനും മറ്റും കൂടി ആലോചിച്ചതിനുശേഷമാണ് മാറ്റം വരുത്തിയിരുന്നത്. അത് എല്ലാവർക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. ആകെ D ഫേസിന് വേണ്ട ബാരികേഡിനും, റാമ്പിനും മാത്രമെ മാറ്റം പറഞ്ഞിരുന്നുള്ളു. സ്റ്റേജിൻ്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ബിൽഡിംഗ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഇൻസ്പെക്ഷൻ നടത്തിയ ശേഷമാണ് ഫിറ്റ്നെസ് റിപ്പോർട്ട് സഹിതം ഹാൻഡ് ഓവർ ചെയ്ത് പോലീസിന് തന്നിട്ടുള്ളത്. ആയത് ബഹു. ജില്ലാ പോലീസ് മേധാവി സ്ഥലത്ത് വന്ന് വെരിഫൈ ചെയ്ത് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. ആയതിൽ മാറ്റം വരുത്തിയതിൽ അപാകതയുള്ളതായി പ്രോഗ്രാം തുടങ്ങുന്നത് വരെ എം.എൽ.എയോ മറ്റാരെങ്കിലുമോ പരാതി പറഞ്ഞിട്ടില്ലാത്തതുണ് നവകേരള സദസ്സുമായി ബന്ധപ്പെട്ട യോഗങ്ങളിൽ ഞാനും എൻറ അഭാവത്തിൽ വലപ്പാട് SHO യും പങ്കെടുത്തിരുന്നു. Bluebook പ്രകാരമുള്ള പ്രോട്ടോകോൾ പ്രസ്തുത യോഗങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

രണ്ടാമതായി നവകേരള സദസ്സിന്റെ ഭാഗമായി ഹെലി ഡ്രോൺ ഉപയോഗിക്കുവാൻ കളക്ടറും തൃശ്ശൂർ റൂറൽ എസ്.പിയും സമ്മതിച്ചിട്ടും ഡി.വൈ.എസ്.പി അനുമതി നൽകിയില്ല എന്നും ക്യാമറ ഉപയോഗിച്ച വ്യക്തിയെ പല തവണ പോലീസ് ഉദ്യോഗസ്ഥർ തടയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്നും ആ വ്യക്തിയോട് മോശമായി പെരുമാറി തള്ളി പുറത്തേക്ക് മാറ്റിയതായും പറയുന്നു.

നവകേരള സദസ്സുമായി ബന്ധപ്പെട്ട് കളക്ടർ വിളിച്ച് ചേർത്ത യോഗത്തിൽ ഹെലി ഡ്രോണിന്റെ Making ID നടത്തിപ്പുകാരന്റെ വിശദ വിവരങ്ങൾ എന്നിവ അടങ്ങുന്ന അപേക്ഷ കൊടുക്കാനും മറ്റും നേരത്തേ അറിയിച്ചിരുന്നു. ആയത് പ്രകാരം യാതൊരു അപേക്ഷയും നവകേരള സദസ്സുമായി ബന്ധപ്പെട്ട് ലഭിച്ചിരുന്നില്ല. അതുകൊണ്ട് തന്നെ ഡ്രോൺ ഉപയോഗിക്കുവാൻ രേഖാമൂലം ആർക്കും അനുമതി കൊടുത്തിരുന്നുമില്ല. സദസ്സിന്റെ തലേ ദിവസം രാത്രിയിൽ എം.എൽ.എയുടെ അസിസ്റ്റൻറ് സ്റ്റാഫായ അസ്സർ എന്നെ ഫോണിൽ വിളിച്ച് ഡ്രോൺ ഉപയോഗിക്കുന്നുണ്ടെന്ന് പറഞ്ഞു. ഞാൻ സുരക്ഷയെ മുൻനിറുത്തിവിളിച്ച് ഡ്രോൺ ഉപയോഗിക്കുന്നുണ്ടെന്ന് പറഞ്ഞു. ഞാൻ സുരക്ഷയെ മുൻനിറുത്തി അനുമതിയെടുക്കണം എന്ന് പറഞ്ഞിരുന്നു. പിന്നീട് MLA യെ കൊണ്ട് എന്നെ ഫോണിൽ വിളിപ്പിക്കുകയും ചെയ്തു. ജില്ലാ പോലീസ് മേധാവി സ്ഥലം സന്ദർശിക്കാനായി വന്നപ്പോൾ ഞാൻ ഈ കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. ആയത് പ്രകാരം ഗ്രീൻറൂം ഏരിയ ഒഴികെയുള്ള ഭാഗങ്ങളിൽ പരിപാടിക്ക് അസ്വാരസ്യം ഉണ്ടാകാത്ത രീതിയിൽ ഡ്രോൺ ഉപയോഗിക്കുവാൻ SHO യ്ക്ക് അപേക്ഷ നല്കിയാൽ അനുവാദം നല്കാമെന്നും പറഞ്ഞിരുന്നു. എന്നാൽ അത് പ്രകാരം യാതൊരു അപേക്ഷയും ലഭിച്ചിരുന്നില്ല. എന്നിരുന്നാലും ഫംഗ്ഷൻ നടക്കുന്ന സദസ്സിലും മറ്റ് ഏരിയകളിലും ഡ്രോൺ ഉപയോഗിക്കുന്നത് ആരും തടഞ്ഞിരുന്നില്ല. എന്നാൽ ഡ്രോൺ പറത്തുന്നതിന് വിലക്കുള്ള വേദിയിലേക്കും ഏരിയയിലേക്കും ഹെലി ഡ്രോൺ പ്രവർത്തിപ്പിച്ചിരുന്ന ക്യാമറാമാനെ അവിടത്തെ ഡ്യൂട്ടിക്കാർ അനുവദിച്ചിരുന്നില്ല എന്നും MLA യുടെ ഓഫീസ് സ്റ്റാഫ് അസ്സർ പോലീസ് ഉദ്യോഗസ്ഥരോട് തട്ടികയറിയതായും പിന്നീട് പറഞ്ഞറിഞ്ഞു. എന്നാൽ ഈ പരാതികൾ ഒന്നും എന്നെ ആരും പ്രസ്തുത സമയത്തോ പിന്നീടോ അറിയിച്ചിട്ടില്ല. പരിപാടി സ്ഥലത്ത് ഡ്രോൺ ഉപയോഗിച്ചിരുന്നുവെന്നതിനു തെളിവായി MLA യുടെ ഓഫീസ് അസിസ്റ്റൻറ് അസ്സർ പോസ്റ്റ് ചെയ്ത വീഡിയോകളിൽ നിന്നും വ്യക്തമാണ്.

നവകേരള സദസ്സിന്റെ വേദിയിലും സ്റ്റേജിലും സംഘാടക സമിതി അംഗങ്ങളെയും പത്ര പ്രവർത്തകരെയും സ്റ്റേജിലെ പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തിയിരുന്ന അഡീഷണൽ സ്റ്റാഫ് അസ്ഹറിനെയും 3 പോലീസ് ഉദ്യോഗസ്ഥരെ കൊണ്ട് പിടിച്ച് തള്ളി പുറത്താക്കാൻ ശ്രമിച്ചുവെന്നും സ്റ്റേജിൽ നിന്നും ഇറങ്ങി വന്ന എം.എൽ.എ യോട് മോശമായി സംസാരിച്ചുവെന്നുമുള്ള ആരോപണം -

D Phase ഏരിയയിൽ സർക്കാരിന്റെ അനുമതിയോടെ പി.ആർ വർക്കിലുള്ള 6 മാധ്യമ പ്രവർത്തകർക്ക് മാത്രമാണ് പ്രവേശനം ഉണ്ടായിരുന്നത്. അവരെ ആറ് പേരെയും കൃത്യമായി പ്രവേശിക്കുന്നതിന് വേണ്ട സൌകര്യങ്ങൾ ചെയ്തു കൊടുക്കുകയും മറ്റ് മാദ്ധ്യമ പ്രവർത്തകരെ അവർക്ക് നിഷ്കർഷിച്ച സ്ഥാനങ്ങളിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇങ്ങനെ ഒരു പരാതി പത്രപ്രവർത്തകർ ആരും തന്നെ പറഞ്ഞിട്ടില്ല. പരിപാടി തുടങ്ങുന്നതിന് അര മണിക്കൂർ മുമ്പ് വരെ ഏരിയയിലൂടെ ക്ഷണിക്കപ്പെട്ട ഓരോരുത്തരെയും നിശ്ചയിച്ചിരിക്കുന്ന ഇരിപ്പിടങ്ങളിലേക്ക് പോകുവാൻ അനുവദിച്ചിരുന്നു. VIP പരിപാടി സ്ഥലത്തേക്ക് പുറപ്പെടുന്ന സമയം D Phase ഏരിയയിലും വേദിയിലും പ്രവേശനാനുമതിയുള്ളവർ ഒഴികെയുള്ളവരോട് - അവരവർക്ക് നിഷ്കർഷിച്ചിരിക്കുന്ന സ്ഥലങ്ങളിലേക്ക് പോകുവാൻ നിർദ്ദേശിച്ചു. നിർദ്ദേശം പാലിക്കാതെ നിന്ന അസ്ഹറിനോട് ഗ്രീൻറൂമിലോ, Stage ലോ മറ്റോ നിൽക്കാൻ പറഞ്ഞപ്പോൾ അയാൾ അവിടെയുള്ള പോലീസ് ഉദ്യോഗസ്ഥരോട് അപമര്യാദയായി പെരുമാറിയിരുന്നു. പ്രസ്തുതവിവരം അറിഞ്ഞ് ചെന്ന ഞാൻ അസ്ഹറിനോട് MLA കാണത്തക്ക രീതിയിൽ വി ഐ പി ഏരിയയിലൊ, ഗ്രീൻ റൂമിലോ നിൽക്കുന്നത് ഉപകാരമായിരിക്കും എന്ന് പറഞ്ഞ സമയം ടിയാൻ എന്നോടും തട്ടിക്കയറി. ആയത് കണ്ട് എന്താണ് കാര്യമറിയാതെ ഏതോ തെറ്റിദ്ധാരണയിൽ ആ സമയം എന്റെ അടുത്തേക്ക് ഇറങ്ങി വന്ന എം.എൽ.എ യെ എന്റെ അടുത്ത് എത്തുന്നതിന് മുമ്പ് എം.എൽ.എ യുടെ പാർട്ടിക്കാർ തന്നെ ഇടപെട്ട് സ്റ്റേജിലേക്ക് പറഞ്ഞ് വിട്ടിട്ടുള്ളതുമാണ്. ഞാൻ എം.എൽ.എയോട് മോശമായി സംസാരിക്കുകയോ എം.എൽ.എ എന്നോട് സംസാരിക്കുയോ ചെയ്തിട്ടില്ല. ഈ കാര്യങ്ങൾ അവിടത്തെ വീഡിയോ റെക്കോർഡിംഗുകൾ പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. മാത്രമല്ല ആ സമയം അവിടെ മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും സ്ഥലത്ത് ഉണ്ടായിരുന്നു. പരിപാടിക്ക് എം.എൽ.എയുടെ പി.എ എന്ന് പറഞ്ഞ് എല്ലാ കാര്യങ്ങൾക്കും ഞാനുമായി ബന്ധപ്പെട്ടിരുന്നത് മസൂദ്.കെ. വിനോദായിരുന്നു. അസ്ഹറിനെ നിയോഗിച്ച കാര്യം എം.എൽ.എയോ മറ്റാരെങ്കിലുമോ എന്നെ അറിയിച്ചിരുന്നില്ല. 05.12.2023 തിയതി നവകേരള സദസ്സിൻ്റെ പരിപാടി തുടങ്ങുന്നതു വരെ ഞാനും MLA യും തമ്മിൽ യാതൊരു അഭിപ്രായ വ്യത്യാസവും ഉണ്ടായിട്ടില്ല എന്നതും കമ്മിറ്റി ചെയർമാൻമാരോട് ചോദിച്ചാൽ മനസ്സിലാകുന്നതാണ്.

സംഘാടക സമിതി ജനങ്ങൾക്കും പത്രപ്രവർത്തകർക്കും ഏർപ്പെടുത്തിയ വെള്ളം ബോട്ടിലുകളും ചായയും സ്നാക്സും വേദിയിൽ കൊണ്ടു കൊടുക്കുമ്പോൾ തടഞ്ഞതായുള്ള ആരോപണം -

സംഘാടക സമിതിക്ക് ഭക്ഷണ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ വളൻറിയർമാരെ നൽകിയത് ഞാൻ കൺവീനറായിട്ടുള്ള ഡിസിപ്ലിൻ കമ്മറ്റിയാണ്. സംഘാടക സമിതി സ്ഥലത്ത് എത്തിച്ച ഭക്ഷണം, വെള്ളം, ചായ, സ്നാക്സ് എന്നിവ വളൻറിയർമാർ വേദിയിലും സദസ്സിലും കൃത്യമായി വിതരണം ചെയ്തിരുന്നു. ത്രോയിംഗിനായി ഉപയോഗിക്കാവുന്ന വെള്ളം ബോട്ടിലുകൾ (കുപ്പിവെള്ളം) വേദിക്കരികിലും VIP കൾ പോകുന്ന വഴിക്കരികിലും ഉള്ളവരുടെ കൈയിൽ എത്താതിരിക്കുവാൻ മുൻ തീരുമാന പ്രകാരം തന്നെ ശ്രദ്ധിച്ചിരുന്നു. എന്നാൽ അവിടെ വളൻറിയർമാർ ആവശ്യത്തിന് വെള്ളം വിതരണം ചെയ്തിരുന്നു. എന്നാൽ സദസ്സിലേക്ക് ആവശ്യമായ വെള്ളവും സ്നാക്സും ചായയും ലഭ്യമായിരുന്നില്ല. ലഭ്യമായിരുന്ന മുഴുവൻ ഭക്ഷണ സാമഗ്രികളും അവിടെ വിതരണം നടത്തിയിട്ടുള്ളതാണ്. അത്തരത്തിലുള്ള ഒരു പരാതിയും നാളിതുവരെ വളൻറിയർമാരുടെ ഭാഗത്തുനിന്നും പത്രപ്രവർത്തകരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലാത്തതുമാണ്.

പൊതുജനങ്ങൾക്ക് ചായയും സ്നാക്സും നൽകുന്നതിനായി തയ്യാറാക്കിയ കൌണ്ടറുകളിലേക്ക് ചായയും സ്നാക്സും കൊണ്ടുവരുന്നത് ഒരു പോലീസ് ഉദ്യോഗസ്ഥൻ തടഞ്ഞതായി പറയുന്ന വന്ന ഭക്ഷണ എന്നാൽ നവകേരള സദസ്സിലേക്ക് കൊണ്ടു വന്ന യാതൊരു ഭക്ഷണ സാധനങ്ങളോ, വെള്ളമോ, ചായയോ ഒരു പോലീസ് ഉദ്യോഗസ്ഥരും തടയുകയുണ്ടായിട്ടില്ല. മാത്രമല്ല കൊണ്ടു സാധനങ്ങൾ കൃത്യമായി വിതരണം ചെയ്തിട്ടുള്ളതുമാണ്. എന്നാൽ സാധനങ്ങളുടെ ലഭ്യത കുറവ് ഉണ്ടായി എന്നുള്ളത് ശരിയാണ്. ഭക്ഷണം, വെള്ളം, ചായ സ്നാക്സ് എന്നിവ കളക്ട് ചെയ്യുന്നതും വിതരണം ചെയ്യുന്നതും വളണ്ടിയേഴ്സ് തന്നെയാണ്. പ്രസ്തുത ഡ്യൂട്ടി അവർ ഭംഗിയായി നിർവ്വഹിച്ചിട്ടുള്ളതുമാണ്. അവരെ പോലീസ് തടഞ്ഞുവെന്നുള്ള പരാതി പരിപാടിക്ക് ശേഷം ആരും തന്നെ പറഞ്ഞിട്ടില്ലാത്തതുമാണ്.

പ്രസ്തുത നവകേരളയാത്രയുടെ തയ്യാറെടുപ്പ് യോഗങ്ങളിൽ ബോട്ടിലുകൾ വേദിയിൽ അനുവദിക്കരുതെന്നും VIP കൾ പോകുന്ന വഴി പ്രത്യേകം ബാരിക്കേഡ് കെട്ടി തിരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. വേദിക്ക് മുമ്പിലായി സെക്യൂരിറ്റി റൂളിംഗ് പ്രകാരം നിശ്ചിത ദൂരത്തിൽ പ്രസ്തുതഭാഗം ബാരിക്കേഡ് കെട്ടി സ്റ്റെറയിൽ ആക്കി ഡ്യൂട്ടിക്കാരെ നിയോഗിക്കണമെന്നും അതിലൂടെ വി.ഐ.പികൾ ഒഴികെ ആരെയും പ്രവേശിപ്പിക്കുയില്ലെന്നും യോഗങ്ങളിൽ കൃത്യമായി ധരിപ്പിച്ചിരുന്നതും, ആയത് അംഗീകരിച്ചിരുന്നതുമാണ്.

നാട്ടിക നിയോജക മണ്ഡലത്തിൽ 06.12.2023 തിയതി നടന്ന നവകേരള സദസ്സിന്റെ നടത്തിപ്പിനായി ആവശ്യമായ കൂടിയാലോചനകൾ നടത്തി എടുത്ത തീരുമാനത്തിനും മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കും അനുസൃതമായി തികഞ്ഞ ഉത്തരവാദിത്തതോടെയാണ് ഡ്യൂട്ടികൾ ക്രമീകരിച്ചത്. Z category സെക്യൂരിറ്റിയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുക്കുന്ന മുൻ ചടങ്ങുകളിൽ അനിഷ്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നതുകൊണ്ട് കരിങ്കൊടി കാണിക്കൽ മുതലായ മറ്റു സമരപരിപാടികൾ പ്രതിപക്ഷ സംഘടനകളിൽ നിന്നും ഉണ്ടാകാതിരിക്കാനായി നിശ്ചയിക്കപ്പെട്ട bluebook സെക്യൂരിറ്റി അറേഞ്ച്മെൻറുകൾ കൃത്യമായി നടപ്പാക്കുകമാത്രമെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഞാൻ ചെയ്തിട്ടുള്ളൂ. പരിപാടിയുടെ ആദ്യാവസാനം ജില്ലാ പോലീസ് മേധാവി അടക്കമുള്ള ഉയർന്ന ഉദ്യോഗസ്ഥരും മറ്റും സ്ഥലത്ത് സന്നിഹിതരായിരുന്നു. ഞാൻ മാത്രം വിചാരിച്ചാൽ വേദിയിലെ കാര്യങ്ങൾ മാറ്റി മറിക്കാൻ സാധിക്കുമായിരുന്നില്ല. പോലീസിന് പ്രധാനമായും വി.ഐ.പിയുടെ സുരക്ഷാ ചുമതലയാണ് ഉണ്ടായിരുന്നത്. സുരക്ഷയുടെ കാര്യത്തിൽ ഞാൻ യാതൊരു വിട്ട് വീഴ്ചയും ഉണ്ടാകാൻ അനുവദിച്ചിട്ടില്ല. സുരക്ഷയ്ക്ക് മുൻതൂക്കം നൽകി കൊണ്ട് ഒരു പരിപാടി സംഘടിപ്പിക്കുമ്പോൾ സ്വാഭാവികമായും പലർക്കും സ്റ്റേജിലും പരിസരത്തും സ്വതന്ത്രമായി വിഹരിക്കുന്നതിനും മറ്റും നിയന്ത്രണങ്ങൾ ഉണ്ടാകും. കുപ്പിവെള്ളം മാത്രമാണ് പരിപാടി സ്ഥലത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നത്. അത് വി. ഐ..പി.യുടെ സുരക്ഷയെ മുൻനിർത്തി മാത്രമായിരുന്നു. എത്ര നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നുവെങ്കിലും അവിടെ അന്ന് സന്നിഹിതരായ ആർക്കും കുടിവെള്ളം കിട്ടാത്ത ഒരു സാഹചര്യം ഉണ്ടായിട്ടില്ല. ഭക്ഷണവും കൃത്യമായി വിതരണം ചെയ്തതായി ആണ് എൻ്റെ അറിവ്. ഇക്കാര്യത്തിൽ തടസ്സങ്ങൾ ഒന്നും ഉണ്ടായിട്ടില്ലെന്നും ആർക്കെങ്കിലും ഭക്ഷണമോ വെള്ളമോ കിട്ടിയില്ലായെന്ന രീതിയിൽ എന്തെങ്കിലും പരാതികൾ ഉള്ളതായോ ഞാൻ കേട്ടിട്ടില്ല. പരിപാടിയുടെ അവസാനം വരെയും മറ്റ് ഉദ്യോഗസ്ഥരോടൊപ്പം ഞാനും സ്ഥലത്ത് സന്നിഹിതനായിരുന്നു. എൻ്റെ മേലുദ്യോഗസ്ഥർ ആരും തന്നെ എന്റെ ഡ്യൂട്ടിയിൽ ഒരു റിമാർക്കും രേഖപ്പെടുത്തിയിട്ടില്ല. നേരത്തെ സംഘാടകർ രേഖാമൂലം തന്ന ലിസ്റ്റിലില്ലാത്തവരെ സദസ്സ് നടക്കുന്ന ഏരിയയിലേക്ക് പ്രവേശിപ്പിക്കുന്നത് സുരക്ഷ വീഴ്ചയായി വിതരണം ഗുരുതരമായ ശക്തമായ ചെയ്യുന്നതിന് സമയം മാറാൻ സാദ്ധ്യതയുള്ളതിനാലാണ് സ്ഥലത്ത് കടത്തി ഡ്യൂട്ടിയിലുണ്ടായിരുന്നവർ നേരത്തെ നിശ്ചയിച്ചവരെയല്ലാത്ത ആളുകളെ വിടാതിരുന്നത്. സെക്യൂരിറ്റി ഇൻചാർജ്ജുള്ള ഓഫീസർ എന്ന നിലക്ക് എന്നിലർപ്പിതമായ കടമകൾ മാത്രമാണ് ഞാൻ നിർവ്വഹിച്ചിട്ടുള്ളത്. ഇത്തരത്തിൽ മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി

ബഹുമാനപ്പെട്ട വി.ഐ.പികളുടെ യാത്രാസ്ഥലങ്ങളിൽ കരിങ്കൊടി കാണിക്കുവാനും പരിപാടി അലങ്കോലപ്പെടുത്തുവാനും ശ്രമിക്കുന്നതായി കാണപ്പെട്ടതായ 45 ഓളം പേരെ കസ്റ്റഡിയിൽ എടുത്തിട്ടുള്ളതും നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

ബഹുമാനപ്പെട്ട എം എൽ എ യുടെ ഓഫീസ് അസിസ്റ്റൻറ് അസ്ഹർ തെറ്റായ രീതിയിൽ എം എൽ എ യെ കാര്യങ്ങൾ ധരിപ്പിച്ചതാകാം ഈ പരാതിക്ക് കാരണമായത്. സി.പി.ഐ ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം കൂടി അസ്ഹർ പോലീസിനെതിരെ മോശമായി പെരുമാറിയതിനെതിരേയും ടിയാൻ മുമ്പ് ഇതേപോലെ തന്നെ പല സർക്കാർ ഉദ്യോഗസ്ഥർക്ക് എതിരേ മോശമായി പെരുമാറിയതിനെ വിമർശിച്ചും ഒരു എം എൽ എ യുടെ ഓഫിസ് അസിസ്റ്റൻറ് എന്ന നിലയിൽ തന്നിലർപ്പിതമായ കർത്തവ്യങ്ങൾ ശരിയായി നിർവഹിക്കാത്തതിനാലും ടിയാനെതിരെ അച്ചടക്കനടപടി എടുത്തു കൊണ്ടിരിക്കുകയാണെന്നാണ് അറിയുവാൻ കഴിഞ്ഞത്.

എൽ ഡി എഫ് കൺവീനർ ശ്രീ അബ്ദുൾ ഖാദർ, സി. പി. ഐ ജില്ലാ സെക്രട്ടറി ശ്രീ. വൽസരാജ് എന്നിവർ തങ്ങളുടെ പത്രപ്രസ്താവനയിലൂടെ MLA യുടെ നടപടി അനുചിതമായി പോയി എന്ന് അഭിപ്രായപ്പെട്ടിരുന്നു. മാത്രമല്ല മേൽപ്പറഞ്ഞ പരാതികളിലൊന്നും പോലീസ് തടഞ്ഞുവെന്നല്ലാതെ തടഞ്ഞ പോലീസ് ഉദ്യോഗസ്ഥരുടെ പേരോ മറ്റോ ഒന്നും പരാമർശിച്ചിട്ടില്ലാത്തതുമാണ്. പരാതിയിൽ ഉണ്ടാകാതിരുന്നതിനാലാണ് പോലീസ് ഉദ്യോഗസ്ഥന്റെയോ പേരോ മറ്റോ പറയാതിരുന്നത്. എന്നിരുന്നാലും ഒരു നിയമസഭ സാമാജികൻ എന്ന രീതിയിൽ നിയമസഭയുടെ അന്തസ്സിന് കോട്ടം വരുത്താത്ത രീതിയിൽ പെരുമാറുന്നതിന് പകരം പൊതു വേദിയിൽ നവകേരളസദസ്സിന് വന്ന പൊതുജനത്തിനോട് പോലീസ് പരിപാടി പൊളിക്കാൻ വന്നിരിക്കുകയാണെന്നും, ഡി.വൈ.എസ്.പി അതിനു ശ്രമിക്കയാണെന്നും, മൈക്കിലൂടെ വിളിച്ച് പറഞ്ഞും പത്രപ്രസ്താവന കൊടുത്തും എന്നെയും ആഭ്യന്തരവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പോലീസ് ഡിപ്പാർട്ടമെന്റിനേയും അപമാനപ്പടുത്തിയതിൽ എനിക്ക് അതിയായ മാനസികസംഘർഷം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ആയതിൽ ഒരു പോലീസ് ഉദ്യോഗസ്ഥൻ എന്ന രീതിയിലും വ്യക്തിപരമായി എന്നെ പേരെടുത്തു പറഞ്ഞത് കൊണ്ടും എനിക്ക് പരാതിയുണ്ട്. നവകേരള സദസ്സ് എന്ന സർക്കാർ പരിപാടിയുടെ പ്രഖ്യാപനത്തേുടർന്ന് നവകേരള സദസ്സിന്റെ വിജയത്തിന് വേണ്ടി രാത്രിയും പകലും തയ്യാറെടുപ്പുകൾ നടത്തി പ്രവർത്തിച്ച് വരികയായിരുന്ന എന്നേയും സഹപ്രവർത്തകരേയും പൊതുജനങ്ങൾ മുമ്പാകെ അപമാനിക്കുന്ന തരത്തിൽ നവകേരള സദസ്സിൻ്റെ ഭംഗിയായ നടത്തിപ്പിന് രൂപീകരിച്ച കമ്മിറ്റിയുടെ ചെയർമാൻ കൂടിയായ എം.എൽ.എ പ്രസ്താവന പുറപ്പെടുവിക്കുന്നതിന് ഇടയാക്കുന്ന തരത്തിൽ ബഹുമാനപ്പെട്ട എം.എൽ എ യെ തെറ്റിദ്ധരിപ്പിക്കുന്നതിന് അസ്ഹർ ശ്രമിച്ചതിലും ആയത് കേട്ട് ശ്രീ മുകുന്ദൻ എം.എൽ.എ വീണ്ടുവിചാരമില്ലാതെ എന്നെ പൊതുജനമധ്യത്തിൽ അപമാനിതനാക്കിയതിലും എനിക്ക് അതിയായ മാനസ്സിക വിഷമവും പരാതിയും ഉണ്ട്.

ഈ പരാതിയിൽ ബഹു. എം.എൽ.എ. ആരോപിക്കുന്ന പോലുള്ള പ്രവൃത്തികൾ മേൽപറഞ്ഞ നാട്ടിക നിയോജക മണ്ഡലത്തിലെ നവ കേരള സദസ്സിനോടനുബന്ധിച്ച് ടി സമയം കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി യായി പ്രവൃത്തിയെടുത്തിരുന്ന എന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും, കനത്ത സുരക്ഷാ വിഭാഗത്തിൽപ്പെട്ട ബഹു. മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരുമുൾപ്പെടെയുള്ള വി. ഐ. പി കൾ പങ്കെടുക്കുന്ന ഒരു പരിപാടിയായതുകൊണ്ടും, തത്സമയം നവ കേരള സദസ്സിനും മുഖ്യമന്ത്രിക്കും മറ്റുമന്ത്രിമാർക്കും എതിരേയും, അവർ സഞ്ചരിക്കുന്ന വാഹനത്തിനു നേരേയും, പ്രതിപക്ഷ സംഘടനകളും മറ്റും സമരങ്ങളും, തടസ്സപ്പെടുത്തലുകളും, കരിങ്കൊടി കാണിക്കലും, മറ്റു അക്രമ പ്രവർത്തനങ്ങളും നടത്തി വന്നിരുന്നതുമായ സാഹചര്യത്തിൽ, ടി VIP കളുടെ സുരക്ഷയെ മുൻനിർത്തി bluebook സെക്യൂരിറ്റിയിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ പ്രവൃത്തിക്കുക മാത്രമാണ് എൻ്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളതെന്നും ബോധിപ്പിച്ചു കൊള്ളുന്നു.

എന്നാൽ, മേൽപ്പറഞ്ഞ രീതിയിലുള്ള എന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം മൂലം തദവസരത്തിൽ ബഹു. നാട്ടിക എം. എൽ. എ ശ്രീ. മുകുന്ദൻ സി. സി. അവർകൾക്ക് ഏതെങ്കിലും

വിധത്തിലുള്ള വിഷമം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിൽ ഞാൻ നിരുപാദികം ഖേദം പ്രകടിപ്പിക്കുന്നു. അതോടൊപ്പം ദയവുചെയ്ത് സത്യസന്ധവും നീതിയുക്തമായി നാളിതുവരെ ജോലി ചെയ്തു വന്നിരുന്ന ഞങ്ങൾ പോലീസുദ്യോഗസ്ഥർക്ക് അർഹമായ നീതി ലഭ്യമാക്കാൻ സാഹചര്യം ഉണ്ടാക്കണം എന്ന് സമിതി മുമ്പാകെ അപേക്ഷിക്കുകയും ചെയ്യുന്നു.

മേൽപറഞ്ഞ പരാതിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മുഖാന്തിരം ബന്ധപ്പെട്ടയാളുകളെ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയും മറ്റു വസ്തുതകൾ പരിശോധിച്ചും വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നതാണ്. ടി റിപ്പോർട്ടിന്റെയും, ബന്ധപ്പെട്ട രേഖകളുടേയും, സാക്ഷിമൊഴികളുടേയും പകർപ്പ് ലഭിക്കുന്നതിന് ഞാൻ അപേക്ഷിച്ചിട്ടുള്ളതാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് ബഹു. നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ചു കൊള്ളാം.

വിശ്വസ്തതയോടെ,<br>
(ഒപ്പ്)<br>
സലീഷ് എൻ. എസ്.<br>
അസിസ്റ്റന്റ് പോലീസ് കമ്മീഷണർ,<br>
തൃശ്ശൂർ സബ് ഡിവിഷൻ, തൃശ്ശൂർ സിറ്റി.

<u>അനുബന്ധം -6</u>

സി. സി. മുകുന്ദൻ, എം.എൽ.എ.
കേരള നിയമസഭ.

23-10-2024.

**കേരള നിയമസഭ പ്രിവിലേജസ് & എത്തിക്സ് കമ്മിറ്റി മുമ്പാകെ 23.10.2024 ന് വിവരം നൽകുന്നത് -**

**വിഷയം -നാട്ടിക നിയോജകമണ്ഡലത്തിലെ നവകേരള സദസ്സുമായി ബന്ധപ്പെട്ട വേദിയിൽ ഡിവൈഎസ്പി സലീഷ് എൻ ശങ്കർ നടത്തിയ ക്രമവിരുദ്ധമായ പ്രവർത്തനങ്ങളെ കുറിച്ച് നടപടി സ്വീകരിക്കുന്നതിനായി -**

സർ,

നാട്ടിക നവകേരള സദസ്സ് 2023 ഡിസംബർ 5 നാണ് നടന്നത്, വിവിധ മേഘലകളിൽ നിന്നുള്ള ജനപ്രധിനിധികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ ചേർന്ന് കൊണ്ട് വിപുലമായ സംഘാടക സമിതിയാണ് മണ്ഡലത്തിൽ രൂപീകരിച്ചിരുന്നത്, എന്നാൽ തലേ ദിവസം മുതൽ സംഘാടക സമിതി തീരുമാനങ്ങൾ നടപ്പിലാക്കാതെയും, സംഘാടക സമിതി ചെയർമാനായ എന്നെയും ധിക്കരിച്ചു കൊണ്ട് അനാവശ്യമായി അമിത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും തടസ്സങ്ങൾ സൃഷ്ടിച്ചും കൊടുങ്ങല്ലൂർ ഡിവൈഎസ്പി സലീഷ് എൻ ശങ്കർ വലിയ രീതിയിലുള്ള ക്രമവിരുദ്ധ പ്രവർത്തനങ്ങളാണ് നടത്തിയത്.

നിരവധി സംഘാടക സമിതി അംഗങ്ങൾ ഇതിനെതിരെ പരാതിയുമായി രംഗത്ത് വന്നിട്ടുണ്ട്, രേഖാമൂലം ബഹു. മുഖ്യമന്ത്രിക്കും, ജില്ലാ കളക്ടർക്കും, തൃശ്ശൂർ റൂറൽ എസ് പിക്കും നിരവധി പരാതികൾ നൽകിയിട്ടും നീതി ലഭിക്കാത്ത സാഹചര്യത്തിലാണ് എംഎൽഎ നിലയിൽ ബഹു. നിയമസഭ് സ്പീക്കർക്ക് പരാതി നൽകിയിട്ടുള്ളതും, നിലവിൽ നിയമസഭ പ്രിവിലേജസ് & എത്തിക്സ് കമ്മിറ്റിയിൽ ഈ പരാതി റെഫർ ചെയ്തിട്ടുള്ളതും.

ഈ പരാതിയുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണം കൃത്യമായി നടന്നിട്ടില്ല ഒരു സംഘാടക സമിതി അംഗത്തെ പോലും ചോദ്യം ചെയ്യാതെ ഡിവൈഎസ്പിയെ സംരക്ഷിക്കുന്നതിനായി വ്യാജ റിപ്പോർട്ടായാണ് തൃശ്ശൂർ റൂറൽ എസ് പി തയ്യാറാക്കിയത് <u>എംഎൽഎ ആയ എന്നെ ഡിവൈഎസ്പി സലീഷ് എൻ ശങ്കർ അവഗണിച്ചു കൊണ്ടും,മോശമാക്കിയും ചെയ് പ്രവൃത്തികൾ</u>

1. നവകേരള സദസ്സിന്റെ ഭാഗമായി സംഘാടക സമിതി തീരുമാന പ്രകാരം വെച്ച സ്റ്റേജിന്റെ ഭാഗങ്ങളും, ബാരിക്കേഡുകളും എന്നെയോ സംഘാടക സമിതിയെയോ അറിയിക്കാതെ പൊളിച്ചു മാറ്റി വെപ്പിച്ചു,

2. നവകേരള സദസ്സിന്റെ ഭാഗമായുള്ള പ്രചാരണ പ്രവർത്തനങ്ങളിൽ ഉപയോഗിക്കുന്നതിനായി ഹെലി ഡ്രോൺ ക്യാമറ ഉപയോഗിക്കുന്ന വ്യക്തിയുടെ വിവരങ്ങൾ തലേദിവസം നൽകിയിരുന്നു. കളക്ടറും, റൂറൽ എസ് പിയും അനുമതി നൽകിയിട്ടും, ഡിവൈഎസ്പി സലീഷ് എൻ ശങ്കർ ഹെലി ക്യാമാറ ഉപയോഗിക്കാൻ സമ്മതിക്കില്ലെന്നു പറഞ്ഞു കൊണ്ട് ക്യാമറ ഉപയോഗിക്കുന്ന വ്യക്തിയെ മറ്റു പോലീസ് ഉദ്യോഗസ്ഥരെ കൊണ്ട് പിടിച്ചു മാറ്റിപ്പിച്ചു, ഞാൻ അടുത്ത് ചെന്ന് പോലീസ് ഉദ്യോഗസ്ഥരോട് പറഞ്ഞിട്ടും എംഎൽഎ ആയ എന്നെ വില വെക്കാതെ ആ വ്യക്തിയെ തടഞ്ഞു കൊണ്ട് പോലീസ് ഉദ്യോഗസ്ഥർ ഉപദ്രവിച്ചു കൊണ്ടിരുന്നു ഡിവൈഎസ്പിയുടെ നിർദ്ദേശമാണ് എന്നാണ് മറ്റു പോലീസ് ഉദ്യോഗസ്ഥർ പറഞ്ഞത്.

3. സദസ്സിന്റെ സ്റ്റേജിലും, വേദിയിലും,പ്രവർത്തനങ്ങൾക്കായി ചുമതല നൽകിയിരുന്ന സംഘാടക സമിതി അംഗങ്ങളേയും, പത്ര പ്രവർത്തകരെയും പുറത്തേക്കു മാറ്റി നിർത്തി, സ്റ്റേജിലെ പ്രവർത്തനങ്ങൾക്കായി ഞാൻ ചുമതലപ്പെടുത്തിയ എന്റെ അഡീഷണൽ പി എ അസ്ഹറിനെ 3 പോലീസ് ഉദ്യോഗസ്ഥരെ കൊണ്ട് പിടിച്ചു തള്ളി മാറ്റി പുറത്താക്കാൻ ശ്രമിച്ചു. ഇത് കണ്ട ഞാൻ സ്റ്റേജിൽ നിന്നും ഇറങ്ങി സംസാരിച്ചപ്പോൾ എന്നോട് വളരെ മോശമായി പെരുമാറി പോലീസിന്റെ കാര്യങ്ങൾ ഞാൻ നോക്കിക്കൊള്ളാം, എംഎൽഎ എംഎൽഎയുടെ പണിയെടുത്താൽ മതി എന്ന തർക്കുത്തരമാണ് എന്നോട് പറഞ്ഞത്. അതിനു ശേഷം പൊതുവേദിയിലൂടെ എനിക്ക് സംസാരിക്കേണ്ടി വന്നു.

4. പരിപാടിയുടെ തുടക്കം മുതൽ സംഘാടക സമിതി അംഗങ്ങൾ ജനങ്ങൾക്കായും പത്രപ്രവർത്തകർക്കായും, ഏർപ്പെടുത്തിയ കുടിവെള്ളം ചായ സ്നാക്ക്സ് എന്നിവ കൊണ്ട് നൽകുമ്പോൾ അവരെ പോലീസ് ഉദ്യോഗസ്ഥരെ വെച്ച് കൊണ്ട് തടഞ്ഞു പരിപാടിക്ക് ശേഷം നിരവധിപേർ കുടിവെള്ളം പോലും ലഭിക്കാതെ പരാതിയുമായി വന്നു.

മേൽ പറഞ്ഞ കാരണങ്ങളെല്ലാം കൊണ്ട് തന്നെ നാട്ടിക നിയോജകമണ്ഡലം നവകേരള സദസ്സിൽ ഡിവൈഎസ്പി സലീഷ് എൻ ശങ്കറിൻ്റെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥർ അഴിഞ്ഞാട്ടവും, നിരുത്തരവാദിത്വപരമായ സമീപനങ്ങളും കൊണ്ട് നാട്ടിക നവകേരള സദസ്സ് ചെയർമാനായ എനിക്കും സംഘാടക സമിതി അംഗങ്ങൾക്കും, സർക്കാരിനും പൊതു ജനങ്ങൾക്കിടയിൽ വളരെ നാണക്കേടുണ്ടായി. സോഷ്യൽ മീഡിയകളിലും, പത്രങ്ങളിലും, സ്ഥലം എംഎൽഎ ആയ എനിക്കെതിരെയും സർക്കാരിനെതിരെയും മോശമായ വാർത്തകൾ ഉണ്ടായി ഈയൊരു പോലീസ് ഉദ്യോഗസ്ഥന്റെ അഹങ്കാരവും ധാർഷ്ട്യവും സർക്കാരിനുണ്ടാക്കിയ മോശപ്പേര് ചെറുതല്ല.

ആയതിനാൽ നാട്ടിക നവകേരള സദസ്സ് തകർക്കാൻ നോക്കുകയും, എംഎൽഎ എന്ന നിലയിൽ എന്നോട് വളരെ മോശമായ പെരുമാറ്റങ്ങളും, സമീപനങ്ങളും നടത്തിയ കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. സലീഷ് എൻ ശങ്കറിനെതിരെ കേരള നിയമസഭ പ്രിവിലേജസ് & എത്തിക്സ് കമ്മിറ്റി ശക്തമായ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു .

വിശ്വസ്തതയോടെ,

(ഒപ്പ്)

സി. സി. മുകുന്ദൻ, എം.എൽ.എ.

# അനുബന്ധം - 7

ആഭ്യന്തര (എ) വകുപ്പ്
25-10-2024,തിരുവനന്തപുരം

നമ്പർ: HOME-A2/39/2024-HOME

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി.

സ്വീകർത്താവ്

സെക്രട്ടറി,
കേരള നിയമസഭ,
തിരുവനന്തപുരം.

സർ,

വിഷയം: ആഭ്യന്തര വകുപ്പ്- പോലീസ് ജീവനക്കാര്യം - ശ്രീ. C.C മുകുന്ദൻ എം.എൽ.എ. കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. സലീഷ് എൻ ശങ്കർ-നെതിരെ സമർപ്പിച്ച പരാതിയിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന:- താങ്കളുടെ 22.06.2023 തീയതിയിലെ 20826/ടേബിൾ-2/202/നി സെ നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീ. C.C മുകുന്ദൻ എം.എൽ.എ. കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. സലീഷ്, എൻ ശങ്കർ- നെതിരെ സമർപ്പിച്ച പരാതിയിന്മേലുള്ള റിപ്പോർട്ട് ഇതോടൊപ്പം സമപ്പിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
പ്രിയമോൾ എം പി
ജോയിന്റ് സെക്രട്ടറി.
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി.

<u>കേരള നിയമസഭ സ്പീക്കര മുൻപാകെ ശ്രീ. സി.സി. മുകന്ദൻ,MLA, കൊടുങ്ങല്ലൂർ DYSP ആയിരുന്ന ശ്രീ സലീഷ് എൻ ശങ്കറിനെതിരെ സമർപ്പിച്ച പരാതിയിന്മേലുള്ള റിപ്പോർട്ട്.</u>

ഡിസംബർ 4, 5 എന്നീ തീയതികളിലായി നാട്ടിക നിയോജകമണ്ഡലം നവകേരള സദസ് നടന്ന വേദിയിൽ വെച്ച് കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. ശ്രീ. സലീഷ് ശങ്കറിന്റെ ഭാഗത്ത് നിന്നും ക്രമ വിരുദ്ധമായ പ്രവർത്തനങ്ങൾ നടന്നുവെന്നും, സംഘാടക സമിതി ചെയർമാനും M.L.A യുമായോ, മറ്റ് ഭാരവാഹികളോടോ ചർച്ച ചെയ്യാതെ വേദിയിലെ പല കാര്യങ്ങളും മാറ്റി മറിച്ചുവെന്നും സംഘാടക സമിതി അംഗങ്ങളുടെയും പത്ര പ്രവർത്തകരുടെയും പ്രവർത്തനങ്ങളിൽ കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. സലീഷ് ശങ്കറിൻ്റെ നേതൃത്വത്തിലുള്ള പോലീസ് ഉദ്യോഗസ്ഥർ തടസ്സം സൃഷ്ടിച്ചുവെന്നും ഡി.വൈ.എസ്.പി.യുടെ മോശമായ സമീപനം നവകേരള സദസ്സിൻ്റെ പ്രചരണ പ്രവർത്തനങ്ങളെ കാര്യമായ രീതിയിൽ തന്നെ ബാധിച്ചിരുന്നുവെന്നും സ്റ്റേജ് വർക്ക് കോൺട്രാക്ടർക്ക് സാമ്പത്തിക നഷ്ടം വരുത്തിയെന്നും, ഹെലി ഡ്രോൺ ക്യാമറ ഉപയോഗിച്ച വ്യക്തിയെ പോലീസ് ഉദ്യോഗസ്ഥർ തടയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്നും, വേദിയിലും, സ്റ്റേജിലും സംഘാടക സമിതി അംഗങ്ങളെയും പത്രപ്രവർത്തകരെയും പുറത്തേക്ക് മാറ്റി നിർത്തിയെന്നും വേദിയിലെ ആളുകൾക്ക് കൊടുക്കുവാൻ കൊണ്ട് വന്ന 1000 ബോട്ടിൽ കുടിവെള്ളത്തിൻ്റെ വിതരണവും, ചായയും സ്നാക്സും കൊണ്ട് വരുന്നതും പോലീസ് തടഞ്ഞുവെന്നും DYSP യുടെ ഭാഗത്തു നിന്നുണ്ടായ പ്രവർത്തി അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് തൃശ്ശൂർ ജില്ല നാട്ടിക നിയോജകമണ്ഡലം MLA ശ്രീ സി.സി. മുകുന്ദൻ എന്നിവർ കേരള നിയമസഭ സ്പീക്കർ മുമ്പാകെ പരാതി സമർപ്പിച്ചിട്ടുള്ളതാണ്.

ഈ വിഷയം സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പരാതിയുമായി ബന്ധപ്പെട്ട് നാട്ടിക നിയോജകമണ്ഡലം MLA ശ്രീ. സി.സി. മുകുന്ദൻ എന്നിവരെ നേരിൽ കണ്ട് ചോദിച്ചതിൽ ഡി.വൈ.എസ്.പി.ക്ക് എതിരായി നൽകിയ പരാതിയിൽ ഉറച്ച് നിൽക്കുന്നുവെന്നും ഡി.വൈ.എസ്.പിക്കെതിരെ ആവശ്യമായ നടപടികൾ എടുക്കാൻ താൽപര്യപ്പെടുന്നുവെന്നും അറിയിച്ചിട്ടുണ്ട്.

മേൽ കാര്യവുമായി ബന്ധപ്പെട്ട് നാട്ടിക നിയോജക മണ്ഡലം നവകേരള സദസ്സുമായി ബന്ധപ്പെട്ടുള്ള ഭക്ഷണ കമ്മിറ്റി ചെയർമാനും ഇപ്പോഴത്തെ പാഴൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ. കെ.എസ്. മോഹൻദാസിനെ കണ്ട് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്. മൊഴിയിൽ നാട്ടിക നിയോജക മണ്ഡലം നവകേരള സദസ്സിന്റെ ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും വിതരണ ചുമതല തനിക്കായിരുന്നുവെന്നും ഉദ്ദേശം 1900 പേർക്കാണ് ഭക്ഷണം കരുതിയിരുന്നതെന്നും വിതരണവും തന്റെ കുടിവെള്ളത്തിന്റെ മേൽനോട്ടത്തിലായിരുന്നുവെന്നും ഇവയുടെ വിതരണം ആരും തടസ്സപ്പെടുത്തിയിരുന്നില്ലെന്നും പരിപാടി കഴിഞ്ഞ് എല്ലാവരും പിരിഞ്ഞ് പോകുന്നത് വരെ ടിയാൻ സ്ഥലത്ത് സന്നിഹിതനായിരുന്നുവെന്നും ഭക്ഷണമോ വെള്ളമോ വിതരണം കഴിഞ്ഞ് ബാക്കി വന്നിരുന്നില്ലെന്നും തൃപ്രയാറുള്ള ശ്രീവത്സം കേറ്ററിങ്ങ് എന്ന സ്ഥാപനത്തിൽ നിന്നാണ് ഭക്ഷണവും മറ്റും വരുത്തിയിരുന്നതെന്നും അവരും യാതൊരു പരാതിയും പറഞ്ഞിട്ടില്ലെന്നും മറ്റും മൊഴി പറഞ്ഞിട്ടുള്ളതാണ് എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ചാവക്കാട് താലൂക്ക് സപ്ലൈ ഓഫീസറും നവകേരള സദസ്സുമായി ബന്ധപ്പെട്ട സ്റ്റേജ്, പന്തൽ എന്നിവയുടെ നിർമ്മാണങ്ങളുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന ആളുമായ ശ്രീ. സൈമൺ ജോസിൻ്റെ മൊഴിയിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നിർദ്ദേശപ്രകാരമാണ് താൻ നാട്ടിക നിയോജക മണ്ഡലം നവകേരള സദസ്സുമായി ബന്ധപ്പെട്ട സ്റ്റേജ്, പന്തൽ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്തതെന്നും, കാഞ്ഞാണിയിലുള്ള സഗീർ (ഉപഹാര) എന്നൊരാൾക്കാണ് മേൽ വർക്കുകൾ ഏൽപ്പിച്ച് നൽകിയിരുന്നതെന്നും ജില്ലാ കളക്ടർ അടക്കമുള്ള മറ്റ് സീനിയർ ഉദ്യോഗസ്ഥരുടെ കൂടി

നിർദ്ദേശങ്ങൾ ഇക്കാര്യത്തിന് ലഭ്യമാക്കിയിരുന്നുവെന്നും പരിപാടിയുടെ തലേ ദിവസം തന്നെ വർക്കുകൾ എല്ലാം തീർത്ത് അസി. എഞ്ചിനീയറുടെ കൈയിൽ നിന്നും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിരുന്നുവെന്നും വളരെ നല്ല രീതിയിൽ പരിപാടി പൂർത്തിയാക്കിയെന്നും ആർക്കും എതിരഭിപ്രായമോ പരാതിയോ ഉണ്ടായിരുന്നില്ലായെന്നും മറ്റും പറഞ്ഞിട്ടുള്ളതാണ് എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

നവകേരള സദസ്സുമായി ബന്ധപ്പെട്ട് നാട്ടിക നിയോജക മണ്ഡലത്തിലെ പരിപാടിയുടെ സ്റ്റേജ്, പന്തൽ എന്നിവയുടെ നിർമ്മാണം നിർവഹിച്ച അബ്ദുൾ സഗീറിനെ കണ്ട് ചോദിച്ചതിൽ എം.എൽ.എ.യുടെ നിർദ്ദേശ പ്രകാരമാണ് താൻ സ്റ്റേജ്, പന്തൽ എന്നിവയുടെ ചുമതല ഏറ്റെടുത്തതെന്നും പഞ്ചായത്തിലെയും പോലീസിന്റെയും നിർമ്മാണ ഫയർഫോഴ്സിന്റെയും MLA യുടെയും എല്ലാം മേൽ നോട്ടത്തിലാണ് നിർമ്മാണങ്ങൾ നടത്തിയതെന്നും തലേ ദിവസം തന്നെ പണികളെല്ലാം പൂർത്തിയാക്കിരുന്നുവെന്നും അതിന് PWD ഉദ്യോഗസ്ഥർ പരിശോധന നടത്തി ഫിറ്റ്നെസ് നൽകിയിരുന്നതായി അറിയാമെന്നും നവകേരള സദസ് കഴിഞ്ഞ് രണ്ട് ദിവസത്തിനകം എല്ലാ നിർമ്മാണങ്ങളും പൊളിച്ച് നീക്കിയിരുന്നുവെന്നും മൂന്ന് തവണകളിലായി തനിക്ക് 1,75,000/- രൂപ എം.എൽ.എ. നേരിട്ടാണ് നൽകിയതെന്നും പണം ലഭിച്ചതിന് ഞാൻ രശീതി നൽകിയിരുന്നുവെന്നും മേൽ നിർമ്മാണവുമായി ബന്ധപ്പെട്ട് തനിക്ക് നഷ്ടമൊന്നും ഉണ്ടായിട്ടില്ലെന്നും മുൻകൂട്ടി നിശ്ചയിച്ച പ്രകാരമുള്ള തുകയാണ് തനിക്ക് ലഭിച്ചതെന്നും മറ്റും മൊഴി പറഞ്ഞിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

PWD (Buildings) അസി. എഞ്ചിനീയർ ശ്രീമതി. ശാലിനിയുടെ മൊഴിയിൽ 05.12.2023 തീയതിയിലെ നാട്ടിക നിയോജക മണ്ഡലം നവകേരള സദസ്സുമായി ബന്ധപ്പെട്ട് നിർമ്മിച്ച സ്റ്റേജിന്റെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയത് താനാണെന്നും, എക്സിക്യൂട്ടീവ് എഞ്ചിനീയർ ബിജി മാഡത്തിൻ്റെ നിർദ്ദേശ പ്രകാരമാണ് നവകേരള സദസ്സ് നടക്കുന്ന സ്ഥലത്തേക്ക് പോയിരുന്നതെന്നും സ്റ്റേജ് നിർമ്മാണ സമയത്ത് പോലീസിന്റെയും ഫയർഫോഴ്സ്, ആരോഗ്യം, പഞ്ചായത്ത് എന്നിവയുടെ ഉയർന്ന ഉദ്യോഗസ്ഥരും ജില്ലാ കളക്ടറും ഉണ്ടായിരുന്നുവെന്നും അവരുടെയെല്ലാം നിർദ്ദേശങ്ങളും അഭിപ്രായങ്ങളും മറ്റും മാനിച്ചാണ് സ്റ്റേജ് നിർമ്മിച്ചതെന്നും അതിന് ശേഷം അവിടെ യാതൊരു വിധ മാറ്റങ്ങളും വരുത്തിയിട്ടില്ലെന്നും മറ്റും മൊഴി പറഞ്ഞിട്ടുള്ളതാണ്.

05.12.2023 തീയതി നടന്ന നാട്ടിക നിയോജക മണ്ഡലം നവകേരള സദസ്സുമായി ബന്ധപ്പെട്ടുള്ള ഡിസിപ്ലിൻ കമ്മിറ്റി കൺവീനറും കൊടുങ്ങല്ലൂർ സബ് ഡിവിഷൻ ഡി.വൈ.എസ്.പി.യുമായിരുന്ന സലീഷ് ശങ്കറിന്റെ മൊഴിയിൽ ബഹു. മുഖ്യമന്ത്രി പങ്കെടുക്കുന്ന വേദിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, മന്ത്രിമാർ എന്നിവർക്ക് മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളൂ എന്നും എം.എൽ.എ. അടക്കമുള്ള കമ്മിറ്റികളുടെ കൂടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വേദിയിലേക്ക് പ്രവേശനമുള്ളവരുടെ ലിസ്റ്റ് പോലീസിന് കൈമാറിയിരുന്നുവെന്നും D Phase ഏരിയയിൽ സർക്കാരിൻ്റെ അനുമതിയോടെ പി.ആർ. വർക്കിലുള്ള 6 മാധ്യമ പ്രവർത്തകർക്ക് മാത്രമാണ് പ്രവേശനം ഉണ്ടായിരുന്നതെന്നും അവർ 6 പേർക്കും സൗകര്യങ്ങൾ ചെയ്ത് കൊടുത്തിരുന്നുവെന്നും മറ്റ് മാധ്യമ പ്രവർത്തകരെ അവർക്ക് നിഷ്കർഷിച്ച സ്ഥലങ്ങളിലേക്ക് പ്രവേശിപ്പിച്ചിരുന്നുവെന്നും ജില്ലാ പോലീസ് മേധാവി അടക്കമുള്ള ഉയർന്ന ഉദ്യോഗസ്ഥരും മറ്റും സ്ഥലത്ത് സന്നിഹിതരായിരുന്നുവെന്നും Z Category സെക്യൂരിറ്റിയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി നവകേരള സദസ്സിൽ പങ്കെടുക്കുന്ന സ്ഥലത്ത് Blue Book പ്രകാരമുള്ള സെക്യൂരിറ്റി അറേഞ്ച്മെൻ്റ് ചെയ്യേണ്ടതിനാൽ അത്തരത്തിലുള്ള സെക്യൂരിറ്റി ആണ് നടപ്പാക്കിയിരുന്നതെന്നും സ്റ്റേജ് നിർമ്മിച്ചത് ഡി.പി.സി., ജില്ലാകളക്ടർ, മറ്റ് ഇതര കമ്മിറ്റി കൺവീനർമാർ, ചെയർമാൻമാർ എന്നിവർ ചേർന്ന് തീരുമാനിച്ച പ്രകാരം ബ്ലൂ ബുക്കിൽ നിർദ്ദേശിക്കപ്പെട്ടതനുസരിച്ച് സ്കെച്ച് നേരത്തെ തയ്യാറാക്കി കൊടുത്തിരുന്നത് പ്രകാരമാണെന്നും നിശ്ചിത ക്രമീകരണങ്ങളിൽ ഉണ്ടായിക്കൊണ്ടിരുന്ന അപാകതകൾ യഥാസമയം എക്സിക്യൂട്ടീവ് എഞ്ചിനീയറും താനും അവിടെ ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള എസ്.എച്ച്.ഒ.യോടും സ്റ്റേജ്

കമ്മിറ്റി ഭാരവാഹികളോടും കമ്മിറ്റി ചെയർമാനോടും മറ്റും ആലോചിച്ചതിനുശേഷമാണ് മാറ്റം ആകെ ബാരിക്കേഡിനും, റാമ്പിനും പറഞ്ഞിരുന്നുള്ളുവെന്നും താൻ മാത്രം വിചാരിച്ചാൽ വേദിയിലെ കാര്യങ്ങൾ മാറ്റി മറിക്കാൻ സാധ്യമല്ലെന്നും പോലീസിന് പ്രധാനമായും വി.ഐ.പി.യുടെ സുരക്ഷാ ചുമതലയാണ് ഉണ്ടായിരുന്നതെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

മേൽകാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഉണ്ടായിട്ടില്ലെന്നും സുരക്ഷയ്ക്ക് മുൻഗുക്കം നൽകി കൊണ്ട് ഒരു പരിപാടി സംഘടിപ്പിക്കുമ്പോൾ സ്വാഭാവികമായും സ്റ്റേജിലും പരിസരത്തും സ്വതന്ത്രമായി വിഹരിക്കുന്നതിനും മറ്റും നിയന്ത്രണങ്ങൾ ഉണ്ടാകുമെന്നും മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരിപാടി സ്ഥലത്തും യാത്രാവേളയിലും ചീമുട്ടകൾ എറിയുന്നതിനും കറുത്ത ബലൂണുകൾ പറത്തി വിടാനും കപ്പികൾ എറിയാനും, വഴിയിൽ ഉന്തുവണ്ടികൾ ഇടാനും, കരിങ്കൊടി പ്രയോഗത്തിനും സാദ്ധ്യതയുള്ളതായി ഇൻറലിജൻസ് റിപ്പോർട്ട് ഉണ്ടായിരുന്നുവെന്നും കുപ്പിവെള്ളം വിതരണം ചെയ്യുന്നതിന് മാത്രമാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നതെന്നും അത് വി.ഐ.പി.യുടെ സുരക്ഷയെ മുൻനിർത്തി ആയിരുന്നുവെന്നും സംഘാടക സമിതിയ്ക്ക് ഭക്ഷണ സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ വാളൻ്റിയർമാരെ നൽകിയത് താൻ കൺവീനറായിട്ടുള്ള ഡിസിപ്ലിൻ കമ്മിറ്റിയാണെന്നും സംഘാടക സമിതി സ്ഥലത്ത് എത്തിച്ച ഭക്ഷണം, വെള്ളം, ചായ, സ്നാക്സ് എന്നിവ വാളൻ്റീയർമാർ വേദിയിലും സ്റ്റേജിലും കൃത്യമായി വിതരണം ചെയ്തിരുന്നുവെന്നും നവകേരള സദസ്സിലേക്ക് കൊണ്ടു വന്ന യാതൊരു ഭക്ഷണ സാധനങ്ങളോ, വെള്ളമോ. ചായയോ പോലീസ് ഉദ്യോഗസ്ഥരും തടയുകയുണ്ടായിട്ടില്ലായെന്നും ആർക്കും കുടിവെള്ളം കിട്ടാത്ത സാഹചര്യം ഉണ്ടായിട്ടില്ലെന്നും ഭക്ഷണവും കൃത്യമായി വിതരണം ചെയ്തതായി ആണ് തൻ്റെ അറിവെന്നും തടസ്സങ്ങൾ ഒന്നും ഉണ്ടായിട്ടില്ലെന്നും ആർക്കെങ്കിലും ഭക്ഷണമോ വെള്ളമോ കിട്ടിയില്ലായെന്ന രീതിയിൽ പരാതിയൊന്നും തന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ലായിരിന്നുവെന്നും ഡി.വൈ.എസ്.പി. സലീഷ് ശങ്കർ അറിയിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

നവകേരള സദസ്സിന്റെ ഭാഗമായി ഹെലിഡ്രോൺ ഉപയോഗിക്കുവാൻ കളക്ടറും, തൃശ്ശൂർ റൂറൽ എസ്.പി.യും സമ്മതിച്ചിട്ടും ഡി.വൈ.എസ്.പി. അനുമതി നൽകിയില്ല എന്ന് പറയുന്നതും ശരിയല്ലെന്നും നവകേരള സദസ്സുമായി ബന്ധപ്പെട്ട് കളക്ടർ വിളിച്ച് ചേർത്ത യോഗത്തിൽ ഹെലി ഡ്രോണിൻ്റെ making ID, നടത്തിപ്പുകാരൻ്റെ വിശദ വിവരങ്ങൾ എന്നിവ അടങ്ങുന്ന അപേക്ഷ കൊടുക്കുവാനും മറ്റും നേരത്തെ അറിയിച്ചിരുന്നുവെന്നും ആയത് പ്രകാരം യാതൊരു അപേക്ഷയും നവകേരള സദസ്സുമായി ബന്ധപ്പെട്ട് ലഭിച്ചിരുന്നില്ലെന്നും അതുകൊണ്ട് തന്നെ ഡ്രോൺ ഉപയോഗിക്കുവാൻ രേഖാമൂലം ആർക്കും അനുമതി കൊടുത്തിരുന്നില്ലെന്നും സദസ്സിന്റെ തലേ ദിവസം രാത്രിയിൽ എം.എൽ.എ.യുടെ അസിസ്റ്റൻ്റ് സ്റ്റാഫായ അസ്ഹർ തന്നെ ഫോണിൽ വിളിച്ച് ഡ്രോൺ ഉപയോഗിക്കുന്നുണ്ടെന്ന് പറഞ്ഞുവെന്നും അനുമതിയെടുക്കണം എന്ന് താൻ പറഞ്ഞിരുന്നുവെന്നും പിന്നീട് MLA തന്നെ ഫോണിൽ വിളിച്ചിരുന്നുവെന്നും ഡിപിസി സ്ഥലം സന്ദർശിക്കാനായി വന്നപ്പോൾ ഈ കാര്യം ഡി.പി.സി.യുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെന്നും ആയത് പ്രകാരം ഗ്രീൻ റൂം, VIP movement ഏരിയ ഒഴികെയുള്ള ഭാഗങ്ങളിൽ പരിപാടിക്ക് അസ്വാരസ്യം ഉണ്ടാകാത്ത രീതിയിൽ ഡ്രോൺ ഉപയോഗിക്കുവാൻ SHO അപേക്ഷ നൽകിയാൽ അനുവാദം നൽകാമെന്ന് പറഞ്ഞിരുന്നുവെന്നും എന്നാൽ അപേക്ഷകളൊന്നും ലഭിച്ചിരുന്നില്ലെന്നും എന്നിരുന്നാലും ഫംഗ്ഷൻ നടക്കുന്ന സദസ്സിലും മറ്റ് ഏരിയകളിലും ഡ്രോൺ ഉപയോഗിച്ചിരുന്നുവെന്നും ഡ്രോൺ പറത്തുന്നതിന് വിലക്കുള്ള വേദിയിലേക്കും D Phase ഏരിയയിലേക്കും ഹെലി ഡ്രോൺ പ്രവർത്തിപ്പിച്ചിരുന്ന ക്യാമറാമാനെ അവിടത്തെ ഡ്യൂട്ടിക്കാർ അനുവദിച്ചിരുന്നില്ലെന്നും പിന്നിട് പറഞ്ഞു കേട്ടുവെന്നും MLA യുടെ ഓഫീസ് സ്റ്റാഫ് അസ്ഹർ പോലീസ് ഉദ്യോഗസ്ഥരോട് തട്ടികയറിയതായും പറഞ്ഞറിഞ്ഞുവെന്നും എന്നാൽ ആ സമയത്തോ പിന്നീടോ ഇക്കാര്യം തന്നെ അറിയിച്ചിട്ടില്ലെന്നും പരിപാടി സ്ഥലത്ത് ഡ്രോൺ ഉപയോഗിച്ചിരുന്നുവെന്നതിനു തെളിവായി MLA യുടെ ഓഫീസ് അസിസ്റ്റൻ്റ് അസ്ഹർ പോസ്റ്റ് ചെയ്ത വീഡിയോകളിൽ നിന്നും വ്യക്തമാണെന്നും ഡി.വൈ.എസ്.പി. സലീഷ് ശങ്കർ പറഞ്ഞിട്ടുള്ളതാണ്.

നവകേരള സദസ്സിൻ്റെ വേദിയിലും സ്റ്റേജിലും സംഘാടക സമിതി അംഗങ്ങളെയും പത്ര പ്രവർത്തകരെയും സ്റ്റേജിലെ പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തിയിരുന്ന അഡീഷണൽ സ്റ്റാഫ് അസ്ഹറിനെ 3 പോലീസ് ഉദ്യോഗസ്ഥരെക്കൊണ്ട് പിടിച്ച് തള്ളി പുറത്താക്കാൻ ശ്രമിച്ചുവെന്നും സ്റ്റേജിൽ നിന്നും ഇറങ്ങി വന്ന എം.എൽ.എ.യോട് മോശമായി സംസാരിച്ചുവെന്നും ആരോപിക്കുന്നുണ്ടെന്നും, D Phase ഏരിയായിൽ സർക്കാരിന്റെ അനുമതിയോടെ പി ആർ വർക്കിലുള്ള 6 മാധ്യമ പ്രവർത്തകർക്ക് മാത്രമാണ് പ്രവേശനം ഉണ്ടായിരുന്നതെന്നും അവരെ ആറ് പേരെയും കൃത്യമായി പ്രവേശിപ്പിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും മറ്റ് മാധ്യമ പ്രവർത്തകരെ അവർക്ക് നിഷ്കർഷിച്ച സ്ഥാനങ്ങളിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും പത്രപ്രവർത്തകർ ആരും തന്നെ പരാതി പറഞ്ഞിട്ടില്ലെന്നും VIP പരിപാടി സ്ഥലത്തേക്ക് പുറപ്പെടുന്ന സമയം D Phase ഏരിയയിലും വേദിയിലും പ്രവേശനാനുമതിയുള്ളവർ ഒഴികെയുള്ളവരോട് അവരവർക്ക് നിഷ്കർഷിച്ചിരിക്കുന്ന സ്ഥലങ്ങളിലേക്ക് പോകുവാൻ നിർദ്ദേശിച്ചിരുന്നുവെന്നും നിർദ്ദേശം പാലിക്കാതെ നിന്ന അസ്ഹറിനോട് ഗ്രീൻ റൂമിലോ മറ്റോ പോയി ഇരിക്കാൻ പറഞ്ഞപ്പോൾ അയാൾ അവിടെയുള്ള പോലീസ് ഉദ്യോഗസ്ഥരോട് അപമര്യാദയായി പെരുമാറിയിരുന്നുവെന്നും അത് കണ്ട് ഏതോ തെറ്റിദ്ധാരണയിൽ ആ സമയം തൻ്റെ അടുത്തേക്ക് ഇറങ്ങി വന്ന എം.എൽ.എ.യെ തന്റെ അടുത്ത് എത്തുന്നതിന് മുമ്പ് എം.എൽ.എ.യുടെ പാർട്ടിക്കാർ തന്നെ ഇടപെട്ട് സ്റ്റേജിലേക്ക് പറഞ്ഞ് വിട്ടിട്ടുള്ളതാണെന്നും താൻ എം.എൽ.എ.യോട് മോശമായി സംസാരിക്കുകയോ എം.എൽ.എ. തന്നോട് സംസാരിക്കുകയോ ചെയ്തിട്ടില്ലായെന്നും പരിപാടിക്ക് എം.എൽ.എ.യുടെ പി.എ. എന്ന് പറഞ്ഞ് എല്ലാ കാര്യങ്ങൾക്കും താനുമായി ബന്ധപ്പെട്ടിരുന്നത് മസൂദ് കെ. വിനോദായിരുന്നുവെന്നും അസ്ഹറിനെ നിയോഗിച്ച എം.എൽ.എ.യോ മറ്റാരെങ്കിലുമോ തന്നെ അറിയിച്ചിരുന്നില്ലെന്നും പരിപാടിയുടെ ആദ്യാവസാനം താൻ മറ്റ് ഉദ്യോഗസ്ഥരോടൊപ്പം സന്നിഹിതനായിരുന്നുവെന്ന് മേലുദ്യോഗസ്ഥർ എല്ലാവരും തന്റെ ഡ്യൂട്ടിയിൽ തൃപ്തരായിരുന്നുവെന്നും ആരും തന്റെ ഡ്യൂട്ടിയിൽ ഒരു റിമാർക്കും രേഖപ്പെടുത്തിയിട്ടില്ലെന്നും മറ്റും മൊഴി പറഞ്ഞിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ബഹു M.L.A ശ്രീ C.C മുകുന്ദൻ സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണങ്ങളിൽ നിന്നും സാക്ഷി മൊഴികളിൽ നിന്നും ബഹു. എം.എൽ.എ. പരാതിപ്പെട്ടിരിക്കുന്നതുപോലെ കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. സലീഷ് ശങ്കറിന്റെ നേതൃത്വത്തിൽ ക്രമവിരുദ്ധമായ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായോ കുടിവെള്ളത്തിന്റെയും ഭക്ഷണത്തിന്റെയും എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായിരുന്നതായോ നവകേരള സദസ്സിന്റെ സുഗമമായ നടത്തിപ്പിന് ഏതെങ്കിലും തടസ്സങ്ങൾ ഉണ്ടായിരുന്നതായോ നവകേരള സദസ്സിന്റെ സുഗമമായ നടത്തിപ്പിന് ഏതെങ്കിലും രീതിയിലുള്ള തടസ്സങ്ങൾ സൃഷ്ടിച്ചതായോ വെളിവായിട്ടില്ലെന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയിരിക്കുന്നു.

മേൽ വിവരങ്ങൾ ബഹു. സ്പീക്കർ മുന്പാകെ ബോധിപ്പിക്കുകയും ബഹു. M.L.A ശ്രീ C.C മുകുന്ദൻ എന്നിവരുടെ പരാതിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

(ഒപ്പ്)
പ്രിയമോൾ. എം.പി.
ജോയിന്റ് സെക്രട്ടറി,
ആഭ്യന്തര വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

## അനുബന്ധം - 8

### പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി (2023-26)

### 2024 ആഗസ്റ്റ് 29-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പതിനഞ്ചാം കേരള നിയമസഭയുടെ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി(2023-26)-യുടെ യോഗം 2024 ആഗസ്റ്റ് 29-ാം തീയതി വ്യാഴാഴ്ച്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '610-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം. എൽ. എ-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**അംഗങ്ങൾ:**

1. ശ്രീ.എം.വി.ഗോവിന്ദൻ മാസ്റ്റർ
2. ശ്രീ. മാത്യു ടി. തോമസ്
3. ശ്രീ.ടി.പി.രാമകൃഷ്ണൻ

**ഓൺലൈനായി സന്നിഹിതരായ അംഗങ്ങൾ**

4. ശ്രീ. പി. ബാലചന്ദ്രൻ
5. ശ്രീ. യു. എ. ലത്തീഫ്
6. ശ്രീ. എച്ച്. സലാം

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീ. എം. എസ്. വിജയൻ., അഡീഷണൽ സെക്രട്ടറി
2. ശ്രീമതി. റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി

2023 ഡിസംബർ 4, 5 തീയതികളിൽ നാട്ടിക നിയോജകമണ്ഡലത്തിലെ 'നവകേരള സദസ്സ്' നടന്ന വേദിയിൽ സംഘാടക സമിതിയുടെ പ്രവർത്തനങ്ങളെ താളം തെറ്റിക്കുന്ന തരത്തിൽ കൊടുങ്ങല്ലൂർ ഡി.വൈ. എസ്. പി. സലീഷ്. എൻ. ശങ്കറിന്റെ നേതൃത്വത്തിൽ നടന്ന ക്രമവിരുദ്ധമായ പ്രവർത്തനങ്ങൾ സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സംഘാടകസമിതി ചെയർമാനും സ്ഥലം എം.എൽ.എ.യുമായ ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. സമർപ്പിച്ച പരാതി സമിതി പരിഗണിക്കുകയും, പ്രസ്തുത വിഷയം സംബന്ധിച്ച് സലീഷ്. എൻ. ശങ്കറിൽ നിന്ന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് കത്തയയ്ക്കുന്നതിനായും, തുടർന്ന് 2024 സെപ്റ്റംബർ 10-ാം തീയതി ചേരുന്ന അടുത്ത സമിതി യോഗത്തിൽ ഹാജരായി പ്രസ്തുത വിഷയത്തിൻമേൽ അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. യോട് ആവശ്യപ്പെടുന്നതിനായും സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.20-ന് പിരിഞ്ഞു.

അനുബന്ധം - 9

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി (2023-26)

## 2024 ഒക്ടോബർ 23-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2024 ഒക്ടോബർ 23-ാം തീയതി ബുധനാഴ്ച രാവിലെ 11.00-ന് നിയമസഭാ സമുച്ചയത്തിലെ 610-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. മാത്യു ടി. തോമസ്

**വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗങ്ങൾ**

1. ശ്രീ. യു. എ. ലത്തീഫ്
2. ശ്രീ. പി. ബാലചന്ദ്രൻ
3. ശ്രീ. എച്ച്. സലാം

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീ. എം.എസ്.വിജയൻ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

**തെളിവെടുപ്പിന് ഹാജരായ അംഗം:**

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

2023 ഡിസംബർ 4, 5 തീയതികളിൽ നാട്ടിക നിയോജക മണ്ഡലത്തിലെ 'നവകേരള സദസ്സ്' നടന്ന വേദിയിൽ സംഘാടക സമിതിയുടെ പ്രവർത്തനങ്ങളെ താളം തെറ്റിക്കുന്ന തരത്തിൽ കൊടുങ്ങല്ലൂർ ഡിവൈ. എസ്. പി. ആയിരുന്ന ശ്രീ. സലീഷ്. എൻ. ശങ്കറിന്റെ നേതൃത്വത്തിൽ നടന്ന ക്രമവിരുദ്ധ പ്രവർത്തന ങ്ങൾ സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സംഘാടകസമിതി ചെയർമാനായിരുന്ന ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. സമർപ്പിച്ച പരാതിയിൻമേൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്യപ്പെട്ട പ്രസ്തുത പരാതി 29-08-2024-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും ഡിവൈ.എസ്.പി. ശ്രീ. സലീഷ് എൻ. ശങ്കറിൽനിന്ന് വിശദീകരണമാരായാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ആയതുപ്രകാരം ഡിവൈ.എസ്.പി. ലഭ്യമാക്കിയ വിശദീകരണത്തിൽ പരാതിയിൽ സൂചിപ്പിച്ച പ്രകാരമുള്ള സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ലെന്നും ഔദ്യോഗിക കൃത്യനിർവ്വഹണ ത്തിനിടയിൽ ബഹു. എം.എൽ.എ.-യ്ക്ക് ഏതെങ്കിലും വിധത്തിലുള്ള വിഷമമുണ്ടായി ട്ടുണ്ടെങ്കിൽ നിരുപാധികം ഖേദം പ്രകടിപ്പിക്കുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയം സമിതി പരിഗണന യ്ക്കെടുക്കുകയും ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ., സമിതി മുമ്പാകെ ഹാജരായി സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പ് യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

'നവകേരള സദസ്സ്' നടന്ന വേദിയിൽ പ്രോട്ടോക്കോൾ ലംഘനം ഉണ്ടായിട്ടുണ്ടോയെന്നും പരാതി നൽകാനിടയായ സാഹചര്യമെന്തെന്ന് വിശദീകരിക്കുമോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ., ചുവടെ ചേർക്കുന്ന കാര്യങ്ങൾ സമിതി മുമ്പാകെ അറിയിച്ചു.

സർക്കാരിന്റെ നിർദേശമനുസരിച്ച് നവകേരള സദസ്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെല്ലാം വളരെ നേരത്തെതന്നെ ആരംഭിച്ചിരുന്നതായും പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ രാഷ്ട്രീയ പ്രതിനിധികളെയും ഉൾപ്പെടുത്തി കമ്മിറ്റികൾ രൂപീകരി ക്കുകയും സർക്കാർ നിർദേശിച്ചപ്രകാരമുള്ള പ്രവൃത്തികളെല്ലാം പൂർത്തീ കരിക്കുകയും ചെയ്തിരുന്നതായും ബഹു.അംഗം സമിതി മുമ്പാകെ വ്യക്തമാക്കി. പരിപാടി നടക്കുന്നതിന് രണ്ടുദിവസം മുമ്പ് പോലീസിന്റെ സെക്യൂരിറ്റി പരിശോധന അവിടെ നടത്തിയിരുന്നതായും തുടർന്ന് 2024 ഡിസംബർ 4-ാം തീയതി രാത്രി ഡിവൈ.എസ്.പി. ശ്രീ. സലീഷ് എൻ. ശങ്കർ പരിപാടി നടക്കുന്ന സ്ഥലത്തെത്തി ഹെലി ഡ്രോൺ ക്യാമറ ഉപയോഗിക്കു ന്നതുമായി ബന്ധപ്പെട്ട് എതിർപ്പ് പ്രകടിപ്പിച്ചുവെങ്കിലും ജില്ലാ കളക്ടറും റൂറൽ എസ്.പി.-യും ഹെലി ഡ്രോൺ ക്യാമറ ഉപയോഗിക്കാൻ അനുമതി നൽകിയതായും ബഹു.അംഗം അറിയിച്ചു. എന്നാൽ എം.എൽ.എ. എന്ന പരിഗണനപോലും നൽകാതെ വളരെ മോശമായ രീതിയിലുള്ള സമീപനമാണ് ഡിവൈ.എസ്.പി. ശ്രീ. സലീഷ് എൻ. ശങ്കറിന്റെ ഭാഗത്തുനിന്നുണ്ടായതെന്നും ടിയാന്റെ നേതൃത്വത്തിൽ നവകേരള സദസ്സിന്റെ വേദിയിൽ സ്ഥാപിച്ച ബാരിക്കേഡും മറ്റും പൊളിച്ചുകളയുകയുണ്ടായെന്നും ആയത് പുനർനിർമ്മിച്ച വകയിൽ 68000/- രൂപയോളം അധികമായി ചെലവഴിക്കേണ്ടിവന്നതായും ബഹു. അംഗം സമിതി മുമ്പാകെ അറിയിച്ചു. കുടിവെള്ളം, ഭക്ഷണം, ചികിത്സാസൗകര്യം തുടങ്ങിയവയ്ക്കായി ഏർപ്പെടുത്തിയിരുന്ന സ്ഥലങ്ങളൊക്കെ പൊളിച്ചുമാറ്റുകയും തന്നെ സഹായിച്ചിരുന്ന പി.എ.-യെ ഉൾപ്പെടെ കഴുത്തിനു പിടിച്ച് പുറത്താക്കാൻ പോലീസുകാരോട് അദ്ദേഹം ആവശ്യപ്പെട്ടതായും സമ്മേളനം മോശമാക്കാൻ ഡിവൈ.എസ്.പി. മനഃപൂർവ്വം ശ്രമിക്കുന്നതായാണ് തനിക്ക് തോന്നിയതെന്നും ബഹു. അംഗം വ്യക്തമാക്കി. സംഘാടക സമിതി ചെയർമാൻ കൂടിയായ തന്നോട് നിരവധിയാളുകൾ പോലീസിന്റെ ഇത്തരം നടപടിയിൽ പരാതി പറയുകയുണ്ടായെന്നും ഇതുസംബന്ധിച്ച് കളക്ടർക്കും റൂറൽ എസ്.പി.-ക്കും പരാതി നൽകിയെങ്കിലും യാതൊരു നടപടിയുമുണ്ടായില്ലെന്നും ബഹു. മുഖ്യമന്ത്രിക്കും പരാതി നൽകിയിട്ടുണ്ടെന്നും ബഹു. അംഗം അറിയിച്ചു. ഒരു നിയമസഭാ സാമാജികന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ ഇടപെടേണ്ടത് ബഹു. സ്പീക്കറായതിനാലാണ് അദ്ദേഹത്തിന് പരാതി നൽകിയതെന്നും സ്ഥലം എം.എൽ.എ.യായ തനിക്കെതിരെ അപമര്യാദയായി പെരുമാറിയതിനും നവകേരള സദസ്സ് അലങ്കോലപ്പെടുത്തിയതിനും ഡിവൈ.എസ്.പി. ശ്രീ. സലീഷ് എൻ. ശങ്കറിന്റെ പേരിൽ നിയമനടപടി സ്വീകരിക്കണമെന്നും ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. സമിതി മുമ്പാകെ ആവശ്യപ്പെട്ടു.

നാട്ടിക നിയോജകമണ്ഡലത്തിൽ നവകേരള സദസ്സ് സംഘടിപ്പിച്ച തെന്നായിരുന്നു എന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി 2023 ഡിസംബർ 4, 5 തീയതികളിലായിരുന്നു പ്രസ്തുത പരിപാടി സംഘടിപ്പിച്ചതെന്ന് ബഹു. അംഗം മറുപടി

നൽകി. താൻ നൽകിയ പരാതി ശരിയായ രീതിയിൽ പരിശോധിച്ചി ട്ടുണ്ടെന്ന് തനിക്ക് ബോധ്യപ്പെട്ടിട്ടില്ലെന്നും നവകേരള സദസ്സിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിരവധി കമ്മിറ്റികൾ അവിടെ പ്രവർത്തിച്ചിരുന്നുവെന്നുവെങ്കിലും പരാതിയുമായി ബന്ധപ്പെട്ട് ടി കമ്മിറ്റി അംഗങ്ങളിൽനിന്നും ഒരാളുടെപോലും മൊഴിയെടുക്കുകയോ അന്വേഷണം നടത്തുകയോ ചെയ്തിട്ടില്ലെന്നും എം.എൽ.എ. എന്ന നിലയിൽ തനിക്ക് വളരെയേറെ മാനസിക വേദനയുണ്ടാക്കിയ സംഭവമാണിതെന്നും ബഹു. അംഗം സമിതി മുമ്പാകെ ബോധിപ്പിച്ചു.

പ്രസ്തുത വിഷയത്തിൽ ബഹു. എം.എൽ.എ.-യ്ക്ക് ഏതെങ്കിലും തരത്തിൽ വിഷമമുണ്ടായിട്ടുണ്ടെങ്കിൽ നിരുപാധികം ഖേദം പ്രകടിപ്പിക്കു ന്നതായി ശ്രീ. സലീഷ് എൻ. ശങ്കർ സമിതിക്ക് നൽകിയ വിശദീകരണത്തിൽ സൂചിപ്പിച്ചി ട്ടുള്ളതിനെക്കുറിച്ച് താങ്കളുടെ പ്രതികരണമെന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി തനിക്കും തന്റെ സ്റ്റാഫിനും വളരെ മോശമായ അനുഭവമാണ് ഡിവൈ.എസ്.പി.യുടെ ഭാഗത്തുനിന്നുണ്ടായതെന്നും അതുകൊണ്ടു തന്നെ ഇക്കാര്യത്തിന്മേൽ വിശദമായ പരിശോധനയ്ക്കുശേഷം ഉചിതമായ നിയമ നടപടി സ്വീകരിക്കണമെന്നാണ് തന്റെ ആവശ്യമെന്നും ബഹു. അംഗം മറുപടി നൽകി. നവകേരള സദസ്സുമായി ബന്ധപ്പെട്ട് കേരളത്തിലുടനീളം പരിപാടിയുടെ ആദ്യാവസാനംവരെ മുഖ്യമന്ത്രിയുടെ വാഹന വ്യൂഹത്തിനുനേരെ പല സ്ഥലങ്ങളിലും വിവിധ സംഘടനകളിൽ നിന്നും പ്രതിഷേധ പ്രകടനങ്ങളുണ്ടാ യിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ സുരക്ഷാക്രമീകരണങ്ങൾ കൂടുതൽ ശക്തമാക്കേണ്ടത് പോലീസിന്റെ കൂടി ഉത്തരവാദിത്വമാണെന്നതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താ ണെന്നുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി ഇക്കാര്യത്തിൽ വളരെ ശക്തമായ ക്രമീകരണങ്ങൾ എം.എൽ.എ. എന്ന നിലയിൽ തന്റെ നേതൃത്വത്തിൽ ചെയ്യുമായിരുന്നുവെന്നും പരിപാടിയുടെ ആദ്യാവസാനം വരെ മോശമായ സമീപനമായിരുന്നു ഡിവൈ.എസ്.പി.-യുടെ ഭാഗത്തുനിന്നുണ്ടായതെന്നും ബഹു. അംഗം മറുപടി നൽകി.

സുരക്ഷയുടെ ഭാഗമായി D ഫേസിനുവേണ്ട ബാരിക്കേഡിനും റാമ്പിനും മാത്രമേ മാറ്റം നിർദേശിച്ചിട്ടുള്ളൂവെന്നാണ് മറുപടിയിൽ ഡിവൈ.എസ്.പി. സൂചിപ്പിക്കുന്നതെന്നും അക്കാര്യം നേരത്തെ എം.എൽ.എ.-യുടെ ശ്രദ്ധയിൽപ്പെട്ടി രുന്നതല്ലെയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി നവകേരള സദസ്സിന്റെ ഭാഗമായി സംഘടിപ്പിച്ച ഒരു പരിപാടിയും സ്റ്റേജിൽ വച്ച് നടത്താൻ ഡിവൈ.എസ്.പി. അനുവദിച്ചില്ലെന്നും പകരം അദ്ദേഹം നിർദേശിച്ച സ്ഥലത്താണ് പരിപാടികൾ അവതരിപ്പിക്കപ്പെട്ടതെന്നും ബഹു. അംഗം മറുപടി നൽകി. സദസ്സിലും അതിനോടനുബന്ധിച്ചുള്ള ഭാഗങ്ങളിലും ഡ്രോൺ ഉപയോഗിക്കുന്നത് തടഞ്ഞിരുന്നില്ലെന്ന് ബഹു. എം.എൽ.എ.-യുടെ ഓഫീസ് അസിസ്റ്റന്റ് ശ്രീ. അസ്ഹർ പോസ്റ്റ് ചെയ്ത വീഡിയോകളിൽനിന്നും വ്യക്തമാണെന്ന് ഡിവൈ.എസ്.പി. മറുപടി കത്തിൽ സൂചിപ്പിച്ചിരിക്കുന്നതിനെ ക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി പരിപാടിയിൽ ഹെലി ഡ്രോൺ ഉപയോഗിച്ചിട്ടുണ്ടെന്നും ഇക്കാര്യം ഡിവൈ.എസ്.പി.-യെ ഫോണിൽ വിളിച്ച് അറിയിക്കുകയാണുണ്ടായതെന്നും ആദ്യം അദ്ദേഹം എതിർപ്പ് പ്രകടിപ്പിച്ചതിനെ

ത്തുടർന്ന് അത് തർക്കത്തിനിടയായതായും എന്നാൽ ഡ്രോൺ ഉപയോഗിക്കുന്നതിന് ജില്ലാ കളക്ടറും തൃശ്ശൂർ ജില്ലാ റൂറൽ എസ്.പി.-യും അനുവാദം നൽകിയതായും ബഹു. അംഗം മറുപടി നൽകി.

D phase ഏരിയയിൽ സർക്കാരിന്റെ അനുമതിയോടെ പി.ആർ. വർക്കിലുള്ള ആറ് മാധ്യമ പ്രവർത്തകർക്ക് മാത്രമാണ് പ്രവേശനമുണ്ടായിരുന്നതെന്നും അവരെ നിഷ്കർഷിച്ച സ്ഥാനങ്ങളിലേയ്ക്ക് പ്രവേശിപ്പിച്ചിട്ടു ണ്ടെന്നും മറ്റുള്ളവർ വന്നപ്പോഴാണ് തടഞ്ഞതെന്നുമാണ് ഡിവൈ.എസ്.പി. മറുപടി കത്തിൽ വ്യക്തമാക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി D phase ഏരിയയിൽ എത്തിയ ആളുകളെ തടഞ്ഞതിനെ ത്തുടർന്ന് പത്രപ്രവർത്തകരും പോലീസുകാരും തമ്മിലുണ്ടായ വാക്കുതർക്കം താൻ ഇടപെട്ടാണ് പരിഹരിച്ചതെന്ന് ബഹു. അംഗം മറുപടി നൽകി. എൽ.ഡി.എഫ്. കൺവീനർ ശ്രീ. അബ്ദുൽ ഖാദർ, സി.പി.ഐ. ജില്ലാ സെക്രട്ടറി ശ്രീ. വൽസരാജ് എന്നിവർ പ്രസ്തുത വിഷയത്തിൽ എം.എൽ.എ.-യുടെ നടപടി അനുചിതമായെന്ന് പത്രപ്രസ്താവനകളിലൂടെ അഭിപ്രായപ്പെട്ടിരുന്നതായി ഡിവൈ.എസ്.പി. മറുപടി കത്തിൽ പരാമർശിക്കുന്നതിനെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി ശ്രീ. അബ്ദുൽ ഖാദർ അഭിപ്രായപ്പെട്ട കാര്യം അറിവുള്ളതാണെന്നും ശ്രീ. വൽസരാജിന്റെ പ്രസ്താവന സംബന്ധിച്ച് തനിക്കറിയില്ലെന്നും ബഹു. അംഗം മറുപടി നൽകി.

വി.ഐ.പി.-കളുടെ സുരക്ഷയെ മുൻനിർത്തി Blue Book സെക്യൂരിറ്റിയിൽ നിർദേശിച്ചിട്ടുള്ള രീതിയിൽ പ്രവർത്തിക്കുക മാത്രമാണുണ്ടായതെന്നാണ് ശ്രീ. സലീഷ് എൻ. ശങ്കർ മറുപടിയിൽ വിശദീകരിക്കുന്നതെന്നും ഇതു സംബന്ധിച്ച പ്രതികരണമെന്താണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി പ്രസ്തുത വിഷയത്തിന്മേൽ രേഖാമൂലമുള്ള വിശദീകരണം ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. സമിതി മുമ്പാകെ സമർപ്പിച്ചു. നവകേരള സദസ്സ് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് നാട്ടിക നിയോജക മണ്ഡലത്തിൽ സ്ഥലപരിമിതിയുണ്ടായിരുന്നതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് പരാമർശമുണ്ടായതായി അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉയർന്ന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ സ്ഥലത്താണ് പരിപാടി സംഘടിപ്പിച്ചതെന്നും ആളുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചത് കാരണമാണ് നേരിയ ബുദ്ധിമുട്ടുണ്ടായതെന്നും ബഹു. അംഗം മറുപടി നൽകി. തെളിവെടുപ്പ് യോഗം അവസാനിച്ചതായി ബഹു.ചെയർപേഴ്സൺ അറിയിച്ചതി നെത്തുടർന്ന് ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. ഹാൾ വിട്ട് പുറത്ത് പോയി.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. രേഖാമൂലം നൽകിയ വിശദീകരണം വിശദമായി പരിശോധിച്ച ശേഷം പ്രസ്തുത വിഷയത്തിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കാമെന്ന് സമിതി തീരുമാനിച്ചു

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു.

<u>അനുബന്ധം - 9</u>

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി (2023-26)

### 2025 ഒക്ടോബർ 22-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്ത ഭാഗങ്ങൾ

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി 2025 ഒക്ടോബർ 22-ാം തീയതി ബുധനാഴ്ച്ച ഉച്ചയ്ക്കുശേഷം 02.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ ചെയർപേഴ്സൺ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.-യുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**<u>ഹാജരായ അംഗങ്ങൾ:</u>**

1. ശ്രീ. മാത്യു ടി. തോമസ്, എം.എൽ.എ.
2. ശ്രീ. ടി. പി. രാമകൃഷ്ണൻ, എം.എൽ.എ.

**<u>വീഡിയോ കോൺഫറൻസിങ് മുഖേന ഹാജരായ അംഗങ്ങൾ:</u>**

1. ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.
2. ശ്രീ. റോജി എം. ജോൺ, എം.എൽ.എ.

**<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>**

1. ശ്രീമതി റീന വി. ആർ., ജോയിന്റ് സെക്രട്ടറി.
2. ശ്രീ. സുരേശൻ. സി., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി.

**I.** കമ്മിറ്റിയുടെ പരിഗണനയ്ക്കായി ബഹുമാനപ്പെട്ട സ്പീക്കർ റഫർ ചെയ്ത അവകാശലംഘന നോട്ടീസുകളിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതിന്റെ പരിഗണനാക്രമം താഴെക്കൊടുത്തിരിക്കുന്നപ്രകാരം തീരുമാനിച്ചു.

1. <u>ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ., സമർപ്പിച്ച പരാതി സംബന്ധിച്ച്.</u>

**(ഫയൽ നം. 20826/ടേബിൾ2/2023/ലെജി.)**

നവകേരള സദസ്സിന്റെ വേദിയിലുണ്ടായ പ്രോട്ടോക്കോൾ ലംഘനം സംബന്ധിച്ച് കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. ശ്രീ. സലീഷ് എൻ. ശങ്കറിനെതിരെ ശ്രീ. സി.സി. മുകുന്ദൻ, എം.എൽ.എ. സമർപ്പിച്ച പരാതിയിന്മേൽ, ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് തൃപ്തികരമല്ലെന്ന് ബഹു. അംഗം അറിയിച്ചതിനെത്തുടർന്നും കമ്മിറ്റിക്ക് ഇരുഭാഗത്തു നിന്നുമുള്ള അഭിപ്രായം കേൾക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലും ഡി.വൈ.എസ്.പി. ശ്രീ. സലീഷ് ശങ്കറിൽ നിന്നും 06.11.2025-ന തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ അടുത്ത യോഗം 06.11.2025-ന് ഉച്ചയ്ക്കു ശേഷം 02.00 മണിക്ക് തിരുവനന്തപുരത്ത് കൂടാൻ തീരുമാനിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കു ശേഷം 02.45-ന് പിരിഞ്ഞു.

അനുബന്ധം - 10

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി (2023-26)

## 2025 നവംബർ 06-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി 2025 നവംബർ 06-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 02.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ ചെയർപേഴ്സൺ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.-യുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**ഹാജരായ അംഗങ്ങൾ:**

1. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ, എം.എൽ.എ.
2. ശ്രീ. ടി. പി. രാമകൃഷ്ണൻ, എം.എൽ.എ.
3. ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.
4. ശ്രീ. എച്ച്. സലാം, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീമതി റീന വി. ആർ., ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി.

**തെളിവെടുപ്പിന് ഹാജരായ ഉദ്യോഗസ്ഥൻ:**

ശ്രീ. സലീഷ് എൻ. ശങ്കർ, അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, ജില്ലാ ക്രൈംബ്രാഞ്ച്, തൃശ്ശൂർ സിറ്റി.

(ഫ.നം. 20826/ടേബിൾ2/2023/ലെജി.)

കൊടുങ്ങല്ലൂർ ഡിവൈ.എസ്.പി. ആയിരുന്ന ശ്രീ. സലീഷ് എൻ. ശങ്കറിനെതിരെ (നിലവിൽ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, ജില്ലാ ക്രൈംബ്രാഞ്ച്, തൃശ്ശൂർ സിറ്റി) ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ., ബഹുമാനപ്പെട്ട സ്പീക്കർക്ക് സമർപ്പിക്കുകയും; പരിശോധനയ്ക്കും അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് ബഹു. സ്പീക്കർ റഫർ ചെയ്തിട്ടുള്ളതുമായ പ്രോട്ടോക്കോൾ ലംഘനം സംബന്ധിച്ച പരാതിയിന്മേൽ, മുൻകൂർ തയ്യാറാക്കിയിരുന്ന ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശ്രീ. സലീഷ് എൻ. ശങ്കറിൽനിന്നും ചുവടെക്കൊടുക്കും പ്രകാരം തെളിവെടുപ്പ് നടത്തി.

2023 ഡിസംബർ 4, 5 തീയതികളിൽ, നാട്ടിക നിയോജകമണ്ഡലത്തിലെ നവകേരള സദസ്സിന്റെ വേദിയിലുണ്ടായ പ്രോട്ടോക്കോൾ ലംഘനം സംബന്ധിച്ച് നാട്ടിക എം.എൽ.എ. ആയ ശ്രീ. സി.സി. മുകുന്ദൻ, സമർപ്പിച്ച പരാതിയിന്മേൽ ബഹു. അംഗം കമ്മിറ്റി മുമ്പാകെ നേരിട്ട് ഹാജരായി വിശദീകരണം നൽകിയിരുന്നുവെന്നും, പ്രസ്തുത വിഷയത്തിന്മേൽ ശ്രീ. സലീഷ് എൻ. ശങ്കറിന്റെ ഭാഗം കൂടി നേരിട്ടു കേൾക്കുന്നതിനായാണ് ഇന്ന് യോഗം ചേർന്നിരിക്കുന്നത് എന്ന് ചെയർപേഴ്സൺ ആമുഖമായി അറിയിച്ചു.

2023 ഡിസംബർ 4, 5 തീയതികളിൽ, നാട്ടിക നിയോജകമണ്ഡലത്തിലെ നവകേരള സദസ്സിന്റെ വേദിയിൽ നിർവ്വഹിച്ച ചുമതലകളുടെ സ്വഭാവവും 'നവകേരള സദസ്സ്' സുഗമമായി നടത്താൻ സ്വീകരിച്ച നടപടികളെക്കുറിച്ചും വിശദീകരിക്കാൻ കമ്മിറ്റി ആവശ്യപ്പെട്ടതിന്, നവകേരള സദസ്സിന്റെ ക്രമീകരണങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ ഡിസിപ്ലിൻ കമ്മിറ്റിയുടെ കൺവീനറായി നിയോഗിക്കപ്പെട്ടെന്നും അതിന്റെ ചുമതലകളും പോലീസ് സെക്യൂരിറ്റി അറേഞ്ച്മെന്റിന്റെ ഭാഗമായുള്ള ഡ്യൂട്ടിയുമാണ് നിർവ്വഹിച്ചിരുന്നത് എന്നും ഡിസിപ്ലിൻ കമ്മിറ്റിയിൽ ഏകദേശം 2000 പേർ ഉണ്ടായിരുന്നെന്നും അതിൽ നിന്നും എല്ലാ കമ്മിറ്റികൾക്കും ആവശ്യമായ കൗൺസിലർമാരെയും മെമ്പർമാരെയും വോളന്റിയർമാരെയും ഡിവൈഡ് ചെയ്തു കൊടുക്കുകയും ഗൂഗിൾ ഷീറ്റ് ഫോം ചെയ്ത് എല്ലാ കാര്യങ്ങളും അതിലുൾപ്പെടുത്തുകയും ചെയ്തുവെന്നും മറ്റ് സ്ഥലങ്ങളിൽ നിന്നും വ്യത്യസ്തമായി കയ്പമംഗലം, നാട്ടിക എന്നീ രണ്ട് നിയോജക മണ്ഡലങ്ങളുടെയും ചുമതല തനിക്കായിരുന്നുവെന്നും ശ്രീ. സലീഷ് എൻ ശങ്കർ അറിയിച്ചു.

ശ്രീ. സി.സി. മുകുന്ദൻ, എം.എൽ.എ.യുടെ പരാതി സംബന്ധിച്ചും പരാതി വിഷയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പിശക് സംഭവിച്ചിട്ടുണ്ടോ എന്ന് കമ്മിറ്റി ആരാഞ്ഞതിന്, നാട്ടിക നിയോജക മണ്ഡലത്തിൽ ആദ്യം എസ്.എച്ച്.ഒ.യെ ആണ് ചുമതല ഏൽപ്പിക്കാൻ പറഞ്ഞിരുന്നതെന്നും ശ്രീ. സി.സി. മുകുന്ദൻ, എം.എൽ.എ. ഇടപെട്ടാണ് തന്നെ നിയോഗിച്ചാൽ മതിയെന്ന് പറഞ്ഞത് എന്നും തനിക്ക് വളരെ ചെറുപ്പം മുതൽതന്നെ ബഹു. അംഗത്തെ അറിയാമെന്നും കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. ആയിരുന്നപ്പോഴും ഈ സംഭവം നടക്കുന്ന ദിവസം വരെയും എം.എൽ.എ.യുമായി നല്ല ബന്ധപ്പെത്തിലായിരുന്നുവെന്നും എല്ലാകാര്യങ്ങളും അദ്ദേഹത്തെ അറിയിച്ചിരുന്നെന്നും സദസ്സിന്റെ വേദി മിയാ ഓഡിറ്റേറിയ ത്തിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിലും തന്റെ സഹകരണം ഉണ്ടായിരുന്നെന്നും ശ്രീ. സലീഷ് എൻ ശങ്കർ മറുപടി നൽകി.

"Blue Book" പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങളിൽ മാത്രമേ ഇടപെട്ടിട്ടുള്ളൂവെന്ന് കമ്മിറ്റിക്കു നൽകിയ വിശദീകരണത്തിൽ പറഞ്ഞിരിക്കുന്ന താങ്കൾ സംഘാടക സമിതിയെയും എം.എൽ.എ.-യെയും പൂർണ്ണമായി ഒഴിവാക്കി അനുമതിയില്ലാതെ സ്റ്റേജ്, ബാരിക്കേഡ് എന്നിവ പൊളിച്ചുമാറ്റിയെന്നും സ്വമേധയാ വേദിയിലെ ക്രമീകരണങ്ങൾ മാറ്റിയെന്നും ഹെലിഡ്രോൺ പ്രവർത്തിപ്പിക്കാനുള്ള അനുമതി ജില്ലാ കളക്ടറും റൂറൽ എസ്.പി.-യും നൽകിയിട്ടും, അത് തടഞ്ഞുവെന്നുമുള്ള എം.എൽ.എ.യുടെ പരാതി സംബന്ധിച്ച് എന്താണ് ബോധിപ്പിക്കാനുള്ളതെന്നും ഹെലിഡ്രോണിനെ സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്നും ആരാഞ്ഞതിന് മറുപടിയായി, സ്റ്റേജിന്റെ ഒരു പ്ലാൻ തയ്യാറാക്കി അതനുസരിച്ചായിരുന്ന സ്റ്റേജ്

നിർമ്മിച്ചിരുന്നതെന്നും അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്റ്റേജിലേക്ക് കയറുന്നതിനുവേണ്ടിയുള്ള path-ന് ബലം കുറവായതുകൊണ്ട് ആ ഭാഗം കുറച്ചുകൂടി സ്ലോപ്പാക്കി മാറ്റം വരുത്തുകയും D Phase-ന്റെ ഡിഫറൻസ് പ്ലാനിൽ വരച്ചതിൽനിന്ന് വ്യത്യസ്തമായി ഫ്രണ്ടിൽ കുറച്ച് ഉള്ളിലോട്ട് കയറിയതിനെ കുറച്ചുകൂടി അട്ടപ്പിച്ച് ഒരു ലൈൻ അപ് ഇടുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയർ കമ്മിറ്റി ചെയർമാനും മറ്റുള്ളവരുമായി ആലോചിച്ചശേഷം അതിലൊരു ചെറിയ മാറ്റം വരുത്തുകയുണ്ടായെന്നും അതിന് അഡീഷണൽ ചെലവുകളൊന്നും ഉണ്ടായില്ലായെന്നും, D Phase-ലും സ്റ്റേജിന്റെ ഫ്രണ്ടിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇരിക്കുന്ന ഭാഗത്തും ഹെലിഡ്രോൺ ക്യാമറ ഉപയോഗിക്കാൻ പാടില്ലെന്നാണ് ആദ്യത്തെ മീറ്റിങ്ങിൽ ധാരണയായതെന്നും ഇവ ഉപയോഗിക്കുന്നതിന് പബ്ലിക്ക് റിലേഷൻ വകുപ്പിന്റെ ആറ് മാധ്യമ പ്രവർത്തകർക്ക് മാത്രമാണ് അനുവാദം നൽകിയിരുന്നതെന്നും അവരുടെ ലിസ്റ്റ് പോലീസിന് നേരത്തെ കൈമാറിയിരുന്നെന്നും ബാക്കിയുള്ള സ്ഥലത്ത് മറ്റുള്ള മാധ്യമപ്രവർത്തകർക്ക് ഇത് ഉപയോഗിക്കാമായിരുവെന്നും ഇക്കാര്യത്തിൽ അനുവാദം നൽകേണ്ടത് കളക്ടറാണെന്നും ഡിവൈ.എസ്.പി. എന്ന നിലയിൽ തനിക്ക് അനുവാദം നൽകാൻ സാധിക്കില്ലെന്നും പറഞ്ഞിട്ടുണ്ടായിരുന്നെന്നും എസ്.പി. മുഖാന്തരം കളക്ടർക്ക് അപേക്ഷ കൊടുത്ത് കളക്ടർ അത് ഇവാല്യുവേറ്റ് ചെയ്തതിനുശേഷം ഹെലിഡ്രോണിന്റെ making ID ഉൾപ്പെടെ കുറച്ച് റൂൾസ് പാലിച്ചാൽ മാത്രമെ ഹെലിഡ്രോണിന്റെ ഉപയോഗം പറ്റുകയുള്ളൂവെന്നും അറിയിച്ചിരുന്നെന്നും, D Phase-ലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇരിക്കുന്ന സ്റ്റേജിലേക്കുമാണ് ഡ്രോൺ പറത്തരുതെന്ന് പറഞ്ഞിട്ടുള്ളതെന്നും മറ്റൊരിടത്തും ഡ്രോൺ ഉപയോഗിക്കരുതെന്ന് ആരും തടസ്സം പറഞ്ഞിട്ടില്ലെന്നായെന്നും ഓൺലൈനിൽ ആ പരിപാടിയുടെ ലൈവ് ഷോ ഉണ്ടായിരുന്നെന്നും യൂട്യൂബിലും മറ്റും ടി പ്രോഗ്രാം അന്നുതന്നെ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും ഇതിൽ നിന്നും ഹെലിഡ്രോൺ അവിടെ ഉപയോഗിച്ചിരുന്നതായി മനസ്സിലാകുമെന്നും ശ്രീ. സലീഷ് എൻ. ശങ്കർ കമ്മിറ്റിയെ അറിയിച്ചു.

നിരവധി ആളുകൾ പങ്കെടുത്ത പരിപാടിയിൽ സംഘാടക സമിതി ഒരുക്കിയ കുടിവെള്ളം, ചായ, സ്നാക്സ് എന്നിവ തടഞ്ഞുവെന്ന പരാതിയെക്കുറിച്ച് എന്താണ് പറയാനുള്ളത് എന്ന കമ്മിറ്റിയുടെ ചോദ്യത്തിന് വെള്ളത്തിന്റെ ബോട്ടിലുകൾ സദസ്സിലേക്ക് വലിച്ചെറിയാൻ സാധ്യത ഉള്ളതിനാൽ സംഘാടക സമിതിയുടെ നിർദ്ദേശ പ്രകാരം ബോട്ടിലുകൾ ഉപയോഗിക്കരുതെന്ന് നിഷ്കർഷിച്ചിരുന്നുവെന്നും ടംബ്ലറുകളിൽ വെള്ളം വിതരണം ചെയ്യുന്നതിനായി വളന്റിയർമാരെ ഏർപ്പെടുത്തി ആവശ്യത്തിന് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിരുന്നുവെന്ന് ഇത് സംബന്ധിച്ച് ഒരു പരാതിയും ഉണ്ടായിട്ടില്ലെന്നും ശ്രീ. സലീഷ് എൻ. ശങ്കർ അറിയിച്ചു.

തുടർന്ന്, സംഘാടക സമിതി അംഗങ്ങളേയും പത്രപ്രവർത്തകരെയും യോഗസ്ഥലത്തു നിന്നും മാറ്റി നിർത്തിയെന്ന ബഹു. അംഗത്തിന്റെ ആരോപണത്തെക്കുറിച്ച് എന്താണ് പറയാനുള്ളത് എന്നതു സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, പ്രോഗ്രാം ആരംഭിക്കുന്നതിന് രണ്ടുമണിക്കൂർ മുമ്പ് D-Phase-ൽനിന്നും എല്ലാവരെയും മാറ്റിനിർത്തണമെന്ന് പറഞ്ഞിരുന്നെങ്കിലും അതിന്റെ പ്രായോഗിക

ബുദ്ധിമുട്ട് കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വരുന്നതിനും 20 മിനിറ്റ് മുമ്പാണ് D Phase-ൽ നിന്നും ജനങ്ങളെ ഒഴിപ്പിച്ചതെന്നും അതുവരെ എല്ലാവരും D Phase-ൽ തന്നെ ഉണ്ടായിരുന്നെന്നും മറുപടി നൽകി.

എം.എൽ.എ.-യുടെ അഡീഷണൽ സ്റ്റാഫായ ശ്രീ. അസ്ഹറിനെ വേദിയിൽനിന്നും പുറത്താക്കിയെന്ന് പറയുന്നത് ശരിയാണോ എന്ന കമ്മിറ്റിയുടെ ചോദ്യത്തിന്, എം.എൽ.എ.-യുടെ അഡീഷണൽ സ്റ്റാഫായ ശ്രീ. അസ്ഹറിനെ വേദിയിൽനിന്നും പുറത്താക്കിയിട്ടി ല്ലായെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി എത്തുന്നതിന് 20 മിനിറ്റ് മുമ്പേ D phase, sterile ചെയ്യേണ്ടതാണെന്നും ആ സമയത്ത് ശ്രീ. അസ്ഹർ അവിടെ നിൽക്കുകയായി രുന്നുവെന്നും അതിനുമുമ്പ് അദ്ദേഹം സ്റ്റേജിലായിരുന്നുവെന്നും പരിപാടിയുടെ വീഡിയോ പരിശോധിച്ചാൽ മനസ്സിലാകുമെന്നും ശ്രീ. അസ്ഹർ D phase-ൽ നിൽക്കുന്ന സമയത്ത് ഒന്നുകിൽ സ്റ്റേജിൽ കയറിയിരിക്കണമെന്നും അല്ലെങ്കിൽ അതിനുതൊട്ടടുത്തായി വി.ഐ.പി.-കൾക്കായി അറേഞ്ച് ചെയ്തിട്ടുള്ള സീറ്റുകളിലെവിടെയെങ്കിലും ഇരിക്കണമെന്നും D phase-ൽ നിൽക്കരുതെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുവഴിയാണ് കടന്നുപോകുന്നതെന്നും അതിനുശേഷം നിൽക്കാമെന്നും മൂന്ന് പോലീസുദ്യോഗസ്ഥർ അദ്ദേഹത്തോട് പറഞ്ഞിരുന്നുവെങ്കിലും അദ്ദേഹം മാറാതിരുന്ന കാര്യം പ്രസ്തുത പോലീസുദ്യോഗസ്ഥർ തന്നെ അറിയിച്ചതിനെത്തുടർന്ന് ശ്രീ. അസ്ഹർ എന്ന ഉദ്യോഗസ്ഥനോട് തൽക്കാലം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വരുന്നതുവരെ അവിടെ നിൽക്കരുതെന്ന് പറയുകയും അപ്പോൾ അദ്ദേഹം കുറച്ച് ദേഷ്യത്തോടുകൂടി തന്നോട് സംസാരിച്ചുവെങ്കിലും താൻ തിരിച്ചൊന്നും പറഞ്ഞില്ലയെന്നതും വീഡിയോ പരിശോധിച്ചാൽ കൃത്യമായി കാണാൻ സാധിക്കുമെന്നും ശ്രീ. സലീഷ് എൻ. ശങ്കർ സമിതിക്കു മറുപടി നൽകി.

നാട്ടിക നിയോജകമണ്ഡലത്തിലെ നവകേരള സദസ്സിൽ പങ്കെടുത്ത വ്യക്തികൾ, എം.എൽ.എ., അസിസ്റ്റന്റ്, സംഘാടക സമിതി അംഗങ്ങൾ എന്നിവരുമായി താങ്കൾ നേരിട്ട് ആശയവിനിമയം നടത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ആശയവിനിമയം നടത്തിയിട്ടില്ലായെന്നും ശ്രീ. സലീഷ് എൻ. ശങ്കർ അറിയിച്ചു.

താങ്കൾക്കെതിരെ വന്ന പരാതികളിലുൾപ്പെട്ട പ്രധാന സാക്ഷികളെ പോലീസ് ചോദ്യം ചെയ്തിട്ടില്ലെന്ന എം.എൽ.എ.-യുടെ ആരോപണത്തെക്കുറിച്ചുള്ള പ്രതികരണം എന്താണ് എന്ന് ആരാഞ്ഞതിന്, അതുസംബന്ധിച്ച് തനിക്കറിയില്ലായെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥർ അക്കാര്യം ചോദിച്ചിട്ടുണ്ടാകുമെന്നാണ് കരുതുന്നതെന്നും വിശദമായി അന്വേഷിക്കാതെ ആഭ്യന്തര വകുപ്പ് നിയമസഭാ സമിതിയുടെ മുന്നിൽ റിപ്പോർട്ട് സമർപ്പിക്കുകയില്ലായെന്നാണ് തന്റെ വിശ്വാസമെന്നും മറുപടി നൽകി. ഇതുമായി ബന്ധപ്പെട്ട് മറ്റു വകുപ്പുതല നടപടികളൊന്നും താൻ നേരിട്ടിട്ടില്ലായെന്നും ടിയാൻ കൂട്ടിച്ചേർത്തു.

പരാതി വിഷയവുമായി ബന്ധപ്പെട്ട് സമിതി മുമ്പാകെ മറ്റെന്തെങ്കിലും ബോധിപ്പിക്കാനുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് തനിക്ക് ചെറുപ്പ കാലം മുതൽ സി.സി.മുകുന്ദൻ എം.എൽ.എ. അറിയാവുന്നതാണെന്നും, പല കാര്യങ്ങളെ സംബന്ധിച്ചും തങ്ങൾ ഫോണിൽ വിളിച്ച് സംസാരിക്കുകയും താൻ പറയുന്ന കാര്യങ്ങൾ അദ്ദേഹം ഉൾക്കൊള്ളുകയും ചെയ്യുമായിരുന്നുവെന്നും എന്നാൽ അദ്ദേഹത്തിന്റെ അഡീഷണൽ പി.എ. ശ്രീ. അസ്ഹർ അനാവശ്യമായി ഇടപെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഒരു പരാതിയ്ക്കിടയായതെന്നും സംഭവത്തിനുശേഷം പലതവണ ബഹു. അംഗത്തെ ബന്ധപ്പെടാൻ ശ്രമിച്ചിരുന്നെങ്കിലും ബഹു. അംഗം സംസാരിക്കാൻ തയ്യാറാകാതിരുന്നത് വിഷമമുണ്ടാക്കിയെന്നും തന്റെ സർവ്വീസ് ബുക്കിൽ ഇതുവരെ ബ്ലാക്ക് മാർക്കൊന്നും ഉണ്ടായിട്ടില്ലായെന്നും അടുത്തിടെ രാഷ്ട്രപതിയുടെ പോലീസ് മെഡൽ തനിക്ക് ലഭിച്ചിരുന്നുവെന്നും ശ്രീ. സലീഷ് ശങ്കർ കമ്മിറ്റിയെ ബോധിപ്പിച്ചു.

തുടർന്ന്, സംഘാടക സമിതിയുടെ അനുമതിയില്ലാതെ സ്റ്റേജ്, ബാരിക്കേഡ് എന്നിവ പൊളിച്ചുമാറ്റിയെന്നും ജില്ലാ കളക്ടറും റൂറൽ എസ്.പി.-യും ഹെലിഡ്രോൺ പ്രവർത്തിപ്പിക്കാൻ അനുമതി നൽകിയിട്ടും താങ്കൾ അതിന് സമ്മതിച്ചില്ലെന്നും പറയുന്നതുസംബന്ധിച്ച് എന്താണ് പറയാനുള്ളതെന്നും അതിന്മേൽ ബഹു. അംഗവുമായി തർക്കം ഉണ്ടായിരുന്നോ എന്ന് സമിതി ആരാഞ്ഞതിന്, ഹെലിഡ്രോൺ പ്രവർത്തിപ്പിക്കുന്നതുസംബന്ധിച്ച് ബഹു. അംഗവുമായി ചർച്ച ചെയ്യുകയും തുടർന്ന് ഒഫിഷ്യലായി മേക്കിങ് ഐ.ഡി.-യും ലൈസൻസും വച്ച് രേഖാമൂലം അപേക്ഷ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തതെന്നും എന്നാൽ D phase ഏരിയയിലേക്കും ഗ്രീൻ റൂമിലേക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇരിക്കുന്ന സ്റ്റേജിലേക്കും ഡ്രോൺ പറത്തരുതെന്നും ബാക്കിയുള്ള സ്ഥലങ്ങളിലേക്ക് ഡ്രോൺ പറത്താമെന്നുമാണ് പറഞ്ഞിട്ടുണ്ടായിരുന്നതെന്നും ടി വിഷയം സംബന്ധിച്ച് ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.-യുമായി ഒരു തർക്കവുമുണ്ടായിട്ടില്ലായെന്നും ശ്രീ. സലീഷ് ശങ്കർ കമ്മിറ്റിയെ അറിയിച്ചു.

തെളിവെടുപ്പിനുശേഷം ശ്രീ. സലീഷ് എൻ. ശങ്കറിന് ഹാൾ വിട്ട് പോകാൻ കമ്മിറ്റി അനുമതി നൽകുകയും ചെയ്തു.

ശ്രീ. സി.സി. മുകുന്ദന്റെ പരാതിയുമായി ബന്ധപ്പെട്ട്, ആഭ്യന്തര (എ) വകുപ്പിൽ നിന്നും 25.10.2024-ാം തീയതിയായി കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് വിശദമായ റിപ്പോർട്ടും, റിപ്പോർട്ടിന്മേൽ പ്രതികരിച്ചു കൊണ്ട് ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. നൽകിയ കത്തും പരിഗണിച്ച കമ്മിറ്റി, പരാതിയുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിൽനിന്നും ലഭ്യമായിട്ടുള്ള റിപ്പോർട്ട് അംഗീകരിക്കാനും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കാനും തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 02.50-ന് പിരിഞ്ഞു.

* * * *